2014
ജൂലൈ

Pages 08
Vol: 5
Issue No. 7

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016
ഒറ്റ പ്രതി: ₹10

## കെ.ഇ.എം. ഫണ്ട് മേഖലാസമ്മേളനം

**കുമ്പനാട്.** കെ. ഇ. എം. ഫണ്ടിന്റെ ലിസ്റ്റിലുള്ള തിരുവനന്തപുരം, കന്യാകുമാരി ജില്ലകളിലെ സുവിശേഷകന്മാർക്കുവേണ്ടി വിശേഷാൽ യോഗം പട്ടം സഭയുടെ സഹകരണത്തിൽ സഭാഹാളിൽ ആഗസ്റ്റ് 16 ശനി രാവിലെ 10 മുതൽ 3.30 നടക്കും. സുവിശേഷകന്മാർക്ക് കുടുംബമായി പങ്കെടുക്കാം.

## വൈ.എം.ഇ.എഫ്. പ്രാർത്ഥനാ സമ്മേളനം

സൗത്ത് ഡിവിഷൻ വൈ. എം. ഇ. എഫിന്റെ പ്രാർത്ഥനായോഗം കീക്കൊഴൂർ സഭാഹാളിൽ ജൂലൈ 27 ഞായർ 3:30ന് നടക്കും. ബ്രദർ ജേക്കബ് പി. മാത്യു സന്ദേശം നല്കും. **പ്രൊഫ. എം. ജെ. കുര്യൻ**

# ദൈവഹൃദയം തൃപ്തിപ്പെടുമാറ് കൊടുക്കുക: റോയി മാത്യൂസ്



കെ.ഇ.എം. ഫണ്ട് ഓഫീസ് കെട്ടിട സ്തോത്രശുശ്രൂഷയിൽ ഡോ. ഒ.എം. സാമുവേൽ സന്ദേശം നൽകുന്നു. ജോർജ്ജ് പീറ്റർ, തോമസ് ചാണ്ടി, എ.ഒ. തോമസ്, പി.പി. മാത്യു വി.കെ. മാത്യു, പി.ഇ. സാംകുട്ടി, സി.വി. സാമുവേൽ എന്നിവർ സമീപം

**കുമ്പനാട്:** ദൈവഹൃദയം തൃപ്തിപ്പെടുന്ന നിലയിൽ ആവണം നമ്മുടെ കൊടുക്കലുകൾ. സകലവും ശോധന ചെയ്യുന്ന ദൈവമുമ്പാകെ നമ്മുടെ മനോഭാവങ്ങൾ ഏറെ ശ്രദ്ധേയമാണ്. സഹതാപം കൊണ്ടോ നിർബന്ധം കൊണ്ടോ കടപ്പാടുകളാലോ നാം ചെയ്യുന്ന പലതും ദൈവപ്രസാദം നേടുന്നില്ല. കൊടുക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തവുമാണ്. ബ്രദർ റോയി മാത്യൂസ് ഓർമ്മിപ്പിച്ചു. കെ. ഇ.എം. ഫണ്ട് ഓഫീസ് കെട്ടിടത്തിന്റെ സമർപ്പണശുശ്രൂഷയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ഡോ. ഒ.എം. സാമുവേൽ, ബ്രദർ

➔7 ...

# പരിപാലനം ഒരു ദൈവീക സ്വഭാവം: അലക്സാണ്ടർ കുര്യൻ

- മുപ്പത്തിയേഴാമത് ഐ.ബി.എഫ്. കോൺഫറൻസ് സമാപിച്ചു
- അഞ്ഞൂറിൽപരം പേർ പങ്കെടുത്തു.
- അടുത്ത കോൺഫറൻസ് 2015 ജൂലൈ 1 മുതൽ 5 വരെ



ഐ.ബി.എഫ്. കോൺഫറൻസിൽ സമാപനസന്ദേശം ബ്രദർ അലക്സാണ്ടർ കുര്യൻ നൽകുന്നു.

**ഇൻഡ്യാനാ/യു.എസ്.എ.:** ദൈവത്തിന്റെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തെ പരിപാലിക്കുക എന്നത് ദൈവത്തിനു പകരമായ ശുശ്രൂഷയാണെന്ന് ബ്രദർ അലക്സാണ്ടർ കുര്യൻ പ്രസ്താവിച്ചു. ഇന്ത്യൻ ബ്രദറൺ ഫെലോഷിപ്പിന്റെ 37-ാമത് കോൺഫറൻസിൽ സമാപനപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

പരിപാലനം എന്ന മുഖ്യപ്രമേയത്തെ അധികരിച്ചുള്ള സന്ദേശങ്ങളും പഠനങ്ങളും പ്രത്യാശയെ വർദ്ധിപ്പിക്കുന്നവയായിരുന്നു. സഹോദരന്മാരായ അലക്സാണ്ടർ കുര്യൻ, സാം ചെറിയാൻ, കെ. സി. ജോൺസൻ, ഡോൺ ഗ്രഹാം, ക്രിസ്ത്യൻ റമീറസ്, വിജി റോബർട്ട്സ്, എൽസൺ ഏബ്രഹാം, ജോർജ്ജ് പി. ജോൺ, വിനോജി സാമുവേൽ എന്നിവരും വിവിധ സമ്മേളനങ്ങളിൽ സന്ദേശങ്ങൾ നൽകി.

ജൂലൈ 2 മുതൽ 6 വരെ ഇൻഡ്യാനാ വെസ്ലിയൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന ഐ.ബി.എഫ്. കോൺഫറൻസിൽ അഞ്ഞൂറിൽ പരം അംഗങ്ങൾ പങ്കെടുത്തു. ബ്രദറൺ എന്ന ആത്മിക കുടുംബബന്ധം നോർത്ത് അമേരിക്കയിലെ

➔7 ...

## ജനറൽ കൺവൻഷൻ ഡിസംബർ 28ന് ആരംഭിക്കും

**കുമ്പനാട്:** 112-ാമത് ബ്രദറൺ ജനറൽ കൺവൻഷൻ 2014 ഡിസംബർ 28 മുതൽ 2015 ജനുവരി 4 വരെ കുമ്പനാട് കൺവൻഷൻ ഗ്രൗണ്ടിൽ വിവിധ പരിപാടികളോടെ നടക്കും. ഡോ. ഒ. എം. സാമുവേൽ, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, റ്റി. പി. കനകരാജ്, പി. ജി. ജയിംസ്, ജോസ് മാത്യൂസ്, ഡോ. കോശി മാത്യു, ജോർജ്ജ് മാത്യു എന്നിവരെ വചനശുശ്രൂഷകൾക്കായി പ്രതീക്ഷിക്കുന്നു. എല്ലാ 3-ാം ഞായറാഴ്ചയും ബ്രദർ ഒ. വി. ജോസഫിന്റെ നേതൃത്വത്തിൽ സഭകളിൽവച്ച് പ്രാർത്ഥനാകൂടിവരവ് നടക്കും. ജൂലൈ 27ന് മലേക്കീഴ് സഭാഹാളിൽ 3: 30ന് ആദ്യപ്രാർത്ഥനായോഗം നടക്കും. വർക്കി ജോർജ്ജ് ജനറൽ കൺവീനറും ഏബ്രഹാം തോമസ് പുല്ലാട്, സി. പി. അനിയൻ എന്നിവർ ജോയിന്റ് കൺവീനറന്മാരായും രാജു പി. ഏബ്രഹാം ട്രഷററായും ശുശ്രൂഷകൾ ചെയ്യുവാൻ പൊതുയോഗം തീരുമാനിച്ചു. ദൈവജനത്തിന്റെ ആത്മീക ഉണർവിനും ഐക്യതയ്ക്കും ഈ സമ്മേളനം മുഖാന്തരമാകുവാൻ എല്ലാവരുടെയും പ്രാർത്ഥന അനിവാര്യമാണ്.

## ഫിബാ കോൺഫറൻസിന് അനുഗ്രഹ സമാപനം




കണക്ടിക്കട്ടിൽ നടന്ന ഫിബാ കോൺഫറൻസിൽ ഉദ്ഘാടനസമ്മേളനം ബ്രദർ മൈക്ക് അറ്റ്വുഡ് സന്ദേശം നൽകുന്നു.

**കണക്ടിക്കട്ട്:** അമേരിക്കയിലെയും ക്യാനഡയിലെയും മലയാളി ബ്രദറൺ കുടുംബങ്ങളുടെ സംഗമവേദിയായ ഫിബാ കോൺഫറൻസിന് അനുഗ്രഹസമാപനം. 2014 ജൂലൈ 17 മുതൽ 20 വരെ കണക്ടികട്ട് ക്രൗൺ പ്ലാസാ ഹോട്ടലിൽ ആയിരുന്നു കോൺഫറൻസ്. "നിരീശ്വരലോകത്ത് ദൈവഭയത്തിൽ ജീവിക്കുക" എന്ന വിഷയത്തെ ആസ്പദമാക്കി കർത്തൃദാസന്മാരായ അലക്സാണ്ടർ കുര്യൻ, വർഗീസ് കുര്യൻ, മൈക്ക് അറ്റ്വുഡ്, നെയ്റ്റ് ബ്രെയിംസൻ തുടങ്ങിയവർ പ്രധാന സന്ദേശങ്ങൾ നല്കി.

എല്ലാ പ്രായത്തിലും ഉള്ളവരെ പരിഗണിച്ച് അവരുടെ അഭിരുചിക്ക് അനുസൃതമായ പരി

➔2 ...

# വിദ്യാഭ്യാസം ദൈവമഹത്വത്തിന് ഉതകണം: രാജു കെ. തോമസ്

**റാന്നി:** വിദ്യാഭ്യാസത്തിന് അതിരറ്റ പ്രാധാന്യം ലോകം നല്കുമ്പോൾ ദൈവമക്കൾ അതിനെ ദൈവമഹത്വത്തിനായി പ്രയോജനപ്പെടുത്തണം. ഓരോ രംഗത്തും നമ്മെ ഉപയോഗപ്പെടുത്തുവാനുള്ള കർമ്മപരിപാടി ദൈവത്തിനുണ്ട്. ദൈവഹിതം അന്വേഷിക്കുന്നവർ അത് കണ്ടെത്തും, രാജു കെ. തോമസ് ഓർമ്മിപ്പിച്ചു. റാന്നി സെന്റർ സുവിശേഷകൻ ബാലസംഘം എസ്. എസ്. എൽ. സി., +2 വിദ്യാർത്ഥികളിൽ ഉന്നത വിജയം നേടിയവരെ അനുമോദിക്കുവാൻ റാന്നി ബ്രദറൺ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ബ്രദർ സി. എസ്. ജോസഫ് അദ്ധ്യക്ഷനായിരുന്നു.

മികച്ച വിജയം നേടിയ 32 എസ്. ബി. എസ് അംഗങ്ങളെ കാഷ് അവാർഡും മെമെന്റോയും നല്കി ആദരിച്ചു. ജൂലൈ 19 ശനി രാവിലെ 9ന് ആരംഭിച്ച സമ്മേളനം 1: 30ന് സമാപിച്ചു. ഗോഡ്സൻ വാലായിൽ സന്ദേശം നല്കി. നാലു ഗ്രൂപ്പുകളിലായി നടന്ന സംഗീതമത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നല്കി.

ജേക്കബ് ചാക്കോ, ജോർജ്ജ് സി. ജേക്കബ്, സി. റ്റി. ജോണിക്കുട്ടി, പ്രൊഫ. എം. ജെ. കുര്യൻ, കെ. എം. ജോൺസൻ എന്നിവർ ആശംസാ പ്രസംഗങ്ങൾ നിർവ്വഹിച്ചു. ബിജു വർഗീസ് ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുകയും അഭിമുഖം നടത്തുകയും ചെയ്തു. ചാൾസ് ജോൺ, വർഗീസ് തോമസ്, ജേക്കബ് തോമസ്, ഷിബു ചേത്തയ്ക്കൽ, ജോസ്ലി ഏബ്രഹാം, ജോയൽ സണ്ണി എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. എസ്. എസ്. എൽ. സിക്കും +2വിനും ഒന്നാം സ്ഥാനം നേടിയവർക്ക് ക്രിസ്തീയദർശനം കാഷ് അവാർഡ് സമ്മാനിച്ചു. 22 സ്ഥലം സഭകളിൽനിന്നായി സഹോദരീസഹോദരന്മാരും ബാലസംഘാംഗങ്ങളും പങ്കെടുത്തു.

## എഡിറ്റോറിയൽ

# മിഷനറി ഫണ്ടുകളെ നിലനിർത്തുക പ്രവർത്തകരെയും

ഭാരതത്തിലെ സുവിശേഷവയലുകളിൽ ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകർക്ക് പിന്തുണയാണ് മിഷനറി ഫണ്ടുകൾ. നാടിനെ സംരക്ഷിക്കുന്ന സേനയുടെ പിന്നിൽ ഒരു രാജ്യം മുഴുവനും കൈത്താങ്ങലുമായി നിൽക്കുന്നതുപോലെ വിശ്വാസസമൂഹം ഈ മേഖലയിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

ബ്രദറൺ സമൂഹത്തിൽ പ്രവർത്തകരെ സഹായിക്കുവാൻ രൂപം കൊണ്ട കെ. ഇ. എം. ഫണ്ട് ഈ നിരയിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നു. ഏറ്റവും അധികം പ്രവർത്തകരെ സഹായിക്കുന്നു എന്ന മികവും ഈ ശുശ്രൂഷയ്ക്കുണ്ട്. 71 വർഷം പിന്നിട്ട ഈ പ്രസ്ഥാനം സ്വന്തമായ കെട്ടിടത്തിലേക്കും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

അമേരിക്കയിലും ഗൾഫിലുമുള്ള ബ്രദറൺ വിശ്വാസികളുടെ നിർലോഭമായ സഹായമാണ് ഫണ്ടുകളുടെ മുഖ്യ സാമ്പത്തിക സ്രോതസ്സ്. പിറന്ന നാടിന്റെ ആത്മീയ ഉദ്ധാനമാണ് വിയർപ്പിന്റെ മൂല്യം അർപ്പിക്കുന്നതിലൂടെ സഹോദരീ സഹോദരന്മാർ ലക്ഷ്യമാക്കുന്നത്.

കേരളത്തിലെ സഭകൾ വർഷത്തിലൊരിക്കലും മാസത്തിൽ ഒരിക്കലും ഒക്കെയായി ഫണ്ടിനെ സഹായിക്കുന്നുണ്ട്. ഈ കാര്യത്തിൽ താൽപര്യമെടുക്കാത്ത സഭകളും വളരെയുണ്ട്. ഫണ്ടുകളിലേയ്ക്ക് സുവിശേഷകരെ ശുപാർശ ചെയ്തശേഷം കൈകെട്ടിയിരിക്കുന്ന സഭകളുമുണ്ട്. ഫണ്ടുകാർ തങ്ങൾ കമന്റു ചെയ്തവരെ സഹായിച്ചുകൊള്ളുമെന്നാണ് കരുതുന്നത്. രണ്ടു മാസത്തിലൊരിക്കൽ ലഭിക്കുന്ന ആയിരമോ രണ്ടായിരമോ രൂപ കൊണ്ട് എന്തു സാധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഈ മേഖലയിൽ ഒരു പങ്കാളിത്തം ഉണ്ട് എന്നത് വിസ്മരിക്കരുത്.

സാമ്പത്തിക സൗകര്യം ഉണ്ടായിട്ടുള്ള സുവിശേഷകന്മാർ ഫണ്ടിൽ നിന്നുള്ള സഹായം ഉപേക്ഷിക്കേണ്ടതാണ്. മക്കൾ വിദേശത്തും സ്വദേശത്തും കുടുംബമായി ജോലി നേടിയിട്ടും മെച്ചപ്പെട്ട സാമ്പത്തിക സൗകര്യം ഉണ്ടായിട്ടും കിട്ടുന്നത് പോരട്ടെ എന്ന ദ്രവ്യാഗ്രഹചിന്തയിൽ കഴിയുന്നവരുണ്ട്. നിരവധി തവണ ഗൾഫിലും അമേരിക്കയിലും സന്ദർശനം നടത്തിയിട്ടുള്ള സുവിശേഷകന്മാർക്കും പണത്തോടുള്ള മനോഭാവം ഞെരുക്കത്തിൽ കിടന്ന കാലത്തേത് തന്നെ. ഇതിന് മാറ്റം വരണം. വിശ്വാസികളുടെ മദ്ധ്യേ സജീവ ചർച്ചാവിഷയങ്ങളാണ് ഇതെന്ന് ഇക്കൂട്ടർ മനസ്സിലാക്കണം.

വിവാഹവും ശവസംസ്ക്കാരവും കൺവൻഷൻ പ്രസംഗവും ഇതര ശുശ്രൂഷകളും നിർവ്വഹിക്കുവാൻ ക്ഷണിക്കപ്പെടുന്ന പൊതുശുശ്രൂഷകർ വളരെയുണ്ട്. അവർക്ക് ലഭിക്കുന്ന സാമ്പത്തിക കൂട്ടായ്മയുടെ മുന്നിൽ ഫണ്ടുകൾ നൽകുന്നത് ഏതുമില്ല. എങ്കിലും ഫണ്ടിന്റെ സഹായം ഒരു അംഗീകാരമായി കണക്കാക്കുന്നതുകൊണ്ട് അത് ഉപേക്ഷിക്കാൻ മിക്കപേരും തയ്യാറാകുന്നില്ല. ഇത് കർത്താവിലുള്ള അവിശ്വാസമെന്നേ പറയാനാവൂ.

ശുശ്രൂഷയിലേയ്ക്ക് പിച്ചവച്ചുവരുന്ന പുതിയ പ്രവർത്തകരെയാണ് ഏറെ പിന്തുണയ്ക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത്. എരിവോടെ സ്ഥലംസഭാ സ്ഥാപനത്തിലും ആത്മാക്കളെ നേടുന്ന ശുശ്രൂഷയിലും അവർ ശോഭിച്ചുകൊള്ളും. വാടക കൊടുക്കാൻ നിവൃത്തിയില്ല, ആഹാരത്തിനുള്ള വക പോലും ലഭിക്കുന്നില്ല, കുട്ടികളുടെ വിദ്യാഭ്യാസം പ്രതിസന്ധിയിലാണ് എന്നു വന്നാൽ വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിക്കുവാനും സഭകൾ കയറിയിറങ്ങാനും അഭ്യർത്ഥനകൾ ഇറക്കുവാനും അവർ പ്രേരിപ്പിക്കപ്പെടും. ദുഷ്പരിചയങ്ങൾ വഴി ഭാവിശുശ്രൂഷയും ദർശനവും നഷ്ടപ്പെട്ടെന്നുവരാം.

പ്രവർത്തകരെ നിയന്ത്രിക്കുക എന്ന ലക്ഷ്യം ഫണ്ടുകൾക്ക് ഇല്ല എങ്കിലും നല്ല ബന്ധം അന്യോന്യം നിലനിർത്തുവാൻ ആവശ്യമുണ്ട്. സുവിശേഷകന്മാരും ആവോളം തങ്ങളുടെ പങ്ക് ഫണ്ടുകൾക്കും നൽകണം. പ്രാർത്ഥന മാത്രമല്ല ലഭിക്കുന്നതിൽ ഒരു പങ്ക് കൊടുക്കുവാനും കഴിയണം. കൈപറ്റുന്ന ഭൗമിക നന്മകൾക്ക് ദൈവത്തോടും ദൈവജനത്തോടും ബാദ്ധ്യതയുണ്ട്. അത് പരിഹരിക്കേണ്ടത് ആത്മാക്കളെ നേടുന്നതിലൂടെയും ദൈവജനത്തിന് ആശ്വാസമാകുന്നതിലൂടെയുമാണ്.

നിർദ്ദിഷ്ട ദാനങ്ങൾ ഫണ്ടുകൾ വഴി നൽകുന്നവരുണ്ട്. അഭ്യർത്ഥനകളുടെയും സ്വന്തബന്ധങ്ങളുടെയും അടിസ്ഥാനത്തിലാണ് മിക്കവയും. വസ്തുതകൾ അന്വേഷിച്ച് സാമ്പത്തിക സഹായം ചെയ്യുവാൻ കഴിയണം. പണം വിനിമയം ചെയ്യുന്നതിൽ പ്രവർത്തകർ ദൈവഹിതം അന്വേഷിക്കയും വേണം. വിശ്വാസികളുടെ വിമർശനത്തിന് ഒരു നിലയിലും വഴി വയ്ക്കരുത്.

ഫണ്ടുകളിലൂടെയും അല്ലാതെയും കർത്താവിന് തന്റെ ദാസന്മാരെ നടത്തുവാൻ സാധിക്കും. അതുകൊണ്ടാണല്ലോ ഫണ്ടുകളിൽ നിന്ന് ഒരു സഹായവും ലഭിക്കാതെതന്നെ വയലിൽ കർത്താവിനുവേണ്ടി നിരവധി പേർ പോരാടുന്നത്.

# സെമിത്തേരിയിലെ "മരണമണി" ഒഴിവാക്കുക

മരണം ക്ഷണിക്കാതെ വരുന്ന അതിഥിയാണ്. യാതൊരു തയ്യാറെടുപ്പും ഇല്ലാതിരിക്കുന്ന സമയത്തായിരിക്കാം വലിയ ഒരു ചെലവ് വന്നുചേരുക. സാമ്പത്തിക ബുദ്ധിമുട്ടിൽ കടം വാങ്ങിയും മറ്റും കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം ശുശ്രൂഷകന്മാർ കൂടി ഒരു ഭാരം ആകരുത്.

ദൈവദാസന്മാരെ സഹായിക്കുകയും ആവശ്യങ്ങളിൽ ഇരിക്കുന്ന അർഹരായവരെ കണ്ടെത്തി സഹായിക്കുകയും ചെയ്യുന്നവരാണ് നമ്മുടെ വിശ്വാസികൾ. അവസരം കിട്ടുംപോലെ സഹവിശ്വാസികൾക്കും നന്മ ചെയ്യുക എന്ന പൗലോസിന്റെ പ്രബോധനം അനുസരിക്കുന്നതിൽ നാം മുൻപന്തിയിൽ തന്നെ.

"അവസരം കിട്ടുംപോലെ"

എന്ന ബോധ്യം ഉള്ളതുകൊണ്ടായിരിക്കാം ശവസംസ്കാര ശുശ്രൂഷാവേദിയിലും പണമടങ്ങിയ കവറുകളുമായി ചുമതലപ്പെട്ടവർ ഓടിനടക്കുന്നത്. കൊടുക്കുന്നവർ സന്തോഷത്തോടെയായിരിക്കും കൊടുക്കുന്നത്. എന്നാൽ വാങ്ങുന്ന എല്ലാവരും സന്തോഷത്തോടെയല്ല വാങ്ങുന്നത്. കടുത്ത മാനസിക സംഘർഷത്തിലാണ് ചിലരെങ്കിലും അത് കൈപ്പറ്റുന്നത്.

ഒരു ഭവനത്തിന്റെ ഏറ്റവും ദുഃഖ നിമിഷങ്ങളാണ് വേർപാട് രംഗങ്ങൾ. ആ ഭവനത്തോടും വേർപെട്ടുപോയ വ്യക്തിയോടുമുള്ള വലിയ സ്നേഹത്തിന്റെയും കടപ്പാടിന്റെയും അടിസ്ഥാനത്തിലാണ് ശുശ്രൂഷകർ അവിടെ എത്തിയിട്ടുള്ളത്. സ്വന്തം വാഹനത്തിലോ മടങ്ങിപ്പോകുവാനുള്ള പണവുമായിട്ടോ ആണ് എല്ലാവരും തന്നെ ദുഃഖഭവനങ്ങളിലും എത്തിച്ചേരുന്നത്. അവിടെ ഒരു സാമ്പത്തിക കൂട്ടായ്മ ആരും പ്രതീക്ഷിക്കുന്നില്ല്. തങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുള്ള ആശ്വാസവും അനുഗ്രഹവുമേ അവർ ആഗ്രഹിക്കുന്നുള്ളൂ.

തങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്ന കർതൃദാസന് ഒരു ഭൗമിക കൂട്ടായ്മ നൽകണമെന്ന് അപ്പോൾ ശഠിക്കേണ്ടതില്ല. അങ്ങനെ താൽപര്യമുള്ളവർക്ക് അവസരവും ധാരാളമാണ്. സുവിശേഷകന്മാരുടെ അഡ്രസ്ബുക്ക് ഇപ്പോൾ ലഭ്യമാണ്. ടെലഫോണിൽ ബന്ധപ്പെട്ടോ ഒരു കത്തിലൂടെയോ ബന്ധം കുറേക്കൂടി ഹൃദ്യമാക്കാവുന്നതാണ്.

മരണം ക്ഷണിക്കാതെ വരുന്ന അതിഥിയാണ്. യാതൊരു തയ്യാറെടുപ്പും ഇല്ലാതിരിക്കുന്ന സമയത്തായിരിക്കാം വലിയ ഒരു ചെലവ് വന്നുചേരുക. സാമ്പത്തിക ബുദ്ധിമുട്ടിൽ കടം വാങ്ങിയും മറ്റും കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം ശുശ്രൂഷകന്മാർ കൂടി ഒരു ഭാരം ആകരുത്.

സെമിത്തേരിയിലേക്ക് പോകാതെ സ്വന്തം ഭവനങ്ങളിലേക്ക് മടങ്ങുന്ന സഹോദരന്മാർ ഉണ്ട്. സെമിത്തേരിയിലെ "മരണമണി" ഒഴിവാക്കുവാനുള്ള ബോധപൂർവ്വമുള്ള ശ്രമമാണ് അത്. ശുശ്രൂഷകന്മാരിൽ വലിയ പങ്കും ഈ അഭിപ്രായമുള്ളവരാണ്. ചിലർ അതു വാങ്ങിയേ പോകൂ എന്ന തീരുമാനമുള്ളവരുമുണ്ട്. കൊതുകിന് പ്രിയം പാലിനോടല്ല ചോരയോടാണ്. നമ്മുടെ ഭവനങ്ങളിലെ ദുഃഖസമയങ്ങളിൽ, വേദനവേളകളിൽ വചനം കൊണ്ടും വാക്കുകൊണ്ടും ആശ്വാസം ലഭിക്കണം. അതിന്റെ നടുവിൽ ലാഭേച്ഛയോ വരുമാനമോ പ്രതീക്ഷിക്കുന്നത് യോഗ്യമല്ല. വാങ്ങുന്നവർക്കും കൊടുക്കുന്നവർക്കും നല്ല പരിജ്ഞാനം ഈ വിഷയത്തിൽ ഉണ്ടാകണം.

**ശേഷിച്ച കഷണം**

"എന്താ നേരത്തേ പോയത്? സെമിത്തേരിയിൽ വരേണ്ടതായിരുന്നു! എല്ലാവർക്കും കവർ കൊടുത്തു, ...ഉണ്ടായിരുന്നു, മണ്ടത്തരം ആയിപ്പോയി." ഇങ്ങനത്തെ മണ്ടത്തരം എനിക്കിഷ്ടമാണ് എന്നായിരുന്നു ടെലിഫോണിലെ മറുപടി. ●

# 1... ഫിബാ കോൺഫറൻസിന്...

പാടികൾ കോൺഫറൻസിൽ ഉൾപ്പെടുത്തിയിരുന്നു. സോദരീസമാജം, യുവജനസംഗമം, ചർച്ചാവേദികൾ, സംഗീതവിരുന്ന്, ബാലസംഗമം, പ്രാർത്ഥനാകൂട്ടങ്ങൾ, തുടങ്ങിയ ആത്മീക അഭിവൃദ്ധിക്ക് ഉതകുന്ന നിരവധി പരിപാടികൾ ക്രമീകരിച്ചിരുന്നു.

ആത്മീയ നവോത്ഥാനം അനിവാര്യമായിരിക്കുന്ന ഈ നാളുകളിൽ ഇത്തരത്തിലുള്ള കോൺഫറൻസ് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ലോകം യേശുക്രിസ്തുവിന്റെ മടങ്ങി വരവിന് വഴിമാറുന്ന ഈ നാളുകളിൽ ദൈവജനത്തിന് മാത്രം മാറ്റങ്ങൾ സംഭവിക്കുന്നില്ല എന്ന ആശങ്ക കർതൃദാസന്മാരുടെ സന്ദേശങ്ങളിൽ മുഴങ്ങി.

കാലത്തിന്റെ ആവശ്യം മനസ്സിലാക്കി ദൈവജനത്തെ ഉണർത്തുവാനും ആത്മീയ ഐക്യത കെട്ടിപ്പെടുക്കുവാനുള്ള അവസരമായിരുന്നു കോൺഫറൻസ് ദിനങ്ങൾ. നല്ലൊരു കൂട്ടം വിശ്വാസികൾ പങ്കെടുത്തു.

## ഈ മാസത്തേക്ക്...

**സ്നേഹക്കൊടി**

അവൻ എന്നെ വീഞ്ഞുവീട്ടിലേക്ക് കൂട്ടിക്കൊണ്ടു ചെന്നു;
എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു.
ഉത്തമഗീതം 2: 4

## എസ്.ബി.എസ്. ഏകദിന സമ്മേളനം

**പുല്ലാട്:** കുമ്പനാട് സെന്റർ സുവിശേഷകൻ ബാലസംഘം ജൂലൈ 26 ശനി രാവിലെ 9 മുതൽ 4 വരെ പുല്ലാട് എബനേസർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ ഏകദിനസമ്മേളനം നടക്കും. സുവിശേഷകന്മാരായ ഏബ്രഹാം തോമസ്, സുനീഷ് ബാലൻ എന്നിവർ ക്ലാസ്സുകൾ എടുക്കും. മനസ്സുപുതുക്കി രൂപാന്തരപ്പെടുവീൻ എന്ന വിഷയത്തെ അധികരിച്ച് പഠനങ്ങൾ നടത്തും. അഞ്ചു ഗ്രൂപ്പുകളിലും വേദമത്സരങ്ങളും വിജയികൾക്ക് സമ്മാനവും വിതരണം ചെയ്യും. സംഗീതാഭ്യസനവും ഇതരപരിപാടികളും ഉണ്ടായിരിക്കും.
**ബ്ലസൻ തോമസ്, സെക്രട്ടറി**

## നാഗമല പുതുക്കോട്ടയിൽ വിവിധ പ്രവർത്തനങ്ങൾ

**മധുര:** നാഗമല പുതുക്കോട്ട സഭയുടെ ചുമതലയിൽ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു. ജൂലൈ 29ന് നടക്കുന്ന സോദരീസമാജത്തിൽ പത്മ ബുവതി വചനധ്യാനം നടത്തും. ആഗസ്റ്റിൽ മധുരയിലും സമീപത്തമുള്ള എട്ടു സ്ഥലംസഭകളുടെ സഹകരണത്തിൽ ഭവനസന്ദർശനവും പരസ്യയോഗങ്ങളും നടക്കും. ഒക്ടോബർ 3ന് കുടുംബസംഗമം. നവംബർ 4ന് യുവജനസംഗമം. സന്ദേശം നല്കുന്നവർ സാം. കെ. ജോൺ, പി. പി. പ്രസന്നൻ എന്നിവർ. ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. **പി. പി. പ്രസന്നൻ**

## ബി.ജി.എഫ് ധ്യാനയോഗം

**റാന്നി:** ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പിന്റെ അടുത്ത ധ്യാനയോഗം സീയോൻകുന്ന് സഭാഹാളിൽ ആഗസ്റ്റ് 4 തിങ്കൾ രാവിലെ 10ന് നടക്കും. എബ്രായലേഖനം 13-ാം അദ്ധ്യായത്തിന്റെ ധ്യാനം നടക്കും. മാടത്തുംപടിയിലും പരിസരങ്ങളിലും എല്ലാ ബുധനാഴ്ചകളിലും ഭവനസന്ദർശനം നടന്നുവരുന്നു. ബി. ജി. എഫ്. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

## രചനകൾ ക്ഷണിക്കുന്നു.

ലേഖനങ്ങൾ, പഠനം, കവിത തുടങ്ങിയ രചനകൾ ക്ഷണിക്കുന്നു. എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുമ്പായി സാഹിത്യസൃഷ്ടികൾ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയച്ചാലും.

പബ്ലിഷർ

## വിലാസം അറിയിക്കുക

സുഹൃത്തുക്കളുടെയോ സ്ഥലം സഭയിലെ കുടുംബങ്ങളുടെയോ വിലാസം പിൻകോഡുൾപ്പെടെ അയച്ചുതരിക. മുൻകൈ എടുക്കുന്ന വ്യക്തിക്ക് ഒരു വർഷത്തേക്ക് ക്രിസ്തീയദർശനം സൗജന്യമായി ലഭിക്കും. ഒന്നിലധികം കോപ്പി ലഭിക്കുന്നുവെങ്കിൽ ദയവായി അറിയിച്ചാലും.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM
ചീഫ് എഡിറ്റർ **വർഗീസ് തോമസ്** | മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്**
എഡിറ്റോറിയൽ ബോർഡ് **ജേക്കബ് സാം, എം. കെ. തോമസ്**
**ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, ജോസഫ് പുന്നൂസ്**
പ്രസാധകൻ **രാജു കെ. തോമസ്** | അഡ്വൈസറി ബോർഡ് **ജോർജ്ജ് പീറ്റർ**
**പ്രൊഫ. മാത്യൂസ് ഏബ്രഹാം, സി. പി. അനിയൻ, ജോൺസൻ പി. സാം**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

# കുടുംബം: ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ടത്

——— പി. മാത്യു

ഭവനം പണിയുന്നതും നിലനിർത്തുന്നതും പരിപോഷിപ്പിക്കുന്നതും പരസ്പര പൂരകമായ ബന്ധത്തിലാണ്. രണ്ടുപേരും കൂടിച്ചേർന്നുള്ള പൂരകമായ ജീവിതത്തിൽ ഒരാളിന്റെ തളർച്ചയും വളർച്ചയും മറ്റെയാളിനും കൂടെയാണ്. സന്താപവും സന്തോഷവും അതുപോലെതന്നെ.

വിവാഹത്തോടെ ഒരു വ്യക്തി സ്വന്തകുടുംബത്തിന് അടിസ്ഥാനമിടുന്നു. മുമ്പും അയാൾ കുടുംബാംഗം തന്നെ. വിവാഹപ്രായവും ജോലിസ്ഥിരതയും ആയാൽ വിവാഹം ആയിക്കളയാം എന്നു ചിന്തിക്കുന്നവർ ധാരാളമുണ്ട്. കുടുംബജീവിതത്തിന് അതുമാത്രം മതിയെന്നു കരുതി ആരംഭിക്കുന്നവരുടെ ജീവിതം തകർന്നാൽ അതിശയിക്കാനില്ല. എന്നാൽ കുടുംബത്തിന് ശരിയായ അടിസ്ഥാനം ഇടേണ്ടത് അത്യാവശ്യമാണ്. ഇതിന്റെ വേദപുസ്തക അടിസ്ഥാനം എന്തെന്ന് കണ്ടെത്താൻ ശ്രമിക്കാം.

കുടുംബത്തിന്റെ ആരംഭം 'ഉല്പത്തി'യിൽ സൃഷ്ടിയുടെ ആരംഭത്തിൽ കാണുന്നു. എബ്രായ ലേഖനത്തിലും 'വിവാഹം സകലത്തിലും മാന്യമായിരിക്കട്ടെ' എന്നാണ് പറയുന്നത്. ദൈവവചനം സ്വീകരിച്ചിരിക്കുന്നവർക്ക് കുടുംബത്തെക്കുറിച്ച് ബൈബിളിലുള്ള കാഴ്ചപ്പാട് ഉൾക്കൊണ്ടു ജീവിക്കുന്നതിനും അത് നിലനിർത്തുന്നതിനും പ്രത്യേക ബാധ്യതയുണ്ട്. അതിനാൽ ദൈവവചനത്തിൽ, സകലമനുഷ്യരുടെയും കുടുംബത്തെക്കുറിച്ച് ദൈവം വിവക്ഷിക്കുന്ന അടിസ്ഥാന ചിന്തകൾ ശ്രദ്ധിക്കാം.

## 1. കുടുംബം: ദൈവത്തിന്റെ സൃഷ്ടി

ഏതു കുടുംബത്തിനും ദൈവികമായ ഒരു മാനം ഉണ്ട്. അതുകൊണ്ട് യേശു പറയുന്നു, 'ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' (മത്താ. 19:6). ആദിയിൽ സൃഷ്ടിയുടെ ക്രമത്തിൽ തന്നെ കുടുംബസൃഷ്ടിയും ഉൾക്കൊള്ളിച്ചിരിക്കുന്നു. ദൈവം സകലത്തേയും ക്രമമായി സൃഷ്ടിച്ചു. നാം കോടാനുകോടി നക്ഷത്രങ്ങളെ നോക്കുമ്പോൾ അതിനെയെല്ലാം ദൈവം അതാത് സ്ഥാനത്ത് ക്രമമായി ആക്കിയിരിക്കുന്നത് കാണാം. ആ ക്രമത്തിൽ മനുഷ്യനെയും സൃഷ്ടിച്ചു. അതെല്ലാം നല്ലത് എന്ന് ദൈവം കണ്ടു. പുരുഷനും സ്ത്രീയുമായി മനുഷ്യനെ ദൈവം സൃഷ്ടിച്ചു. സൃഷ്ടി ക്രമത്തിന്റെ പൂർണ്ണതയായ മനുഷ്യ കുടുംബത്തിന്റെ സൃഷ്ടിയുടെ വിധാതാവ് ദൈവമോ, മനുഷ്യനോ? പണം, മാനം, ശാരീരികവും മാനസികവുമായ ആവശ്യങ്ങൾ, സ്വാർത്ഥ താൽപ്പര്യങ്ങൾ എന്നിവയ്ക്കുമാത്രം സ്ഥാനം കൊടുത്ത് വിവാഹബന്ധം ആരംഭിക്കുമ്പോൾ ആ കുടുംബം ദൈവസൃഷ്ടിയാണോ? മനുഷ്യൻ സ്വാർത്ഥതാൽപ്പര്യങ്ങൾക്കായി വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ അതിന്റെ നിലനിൽപ്പ് ഏത് അടിസ്ഥാനത്തിന്മേലാണ്? എന്നാൽ ദൈവം സൃഷ്ടിച്ചതിനെ ദൈവം പരിപോഷിപ്പിക്കുന്നു.

മനുഷ്യന്റെ സ്വാർത്ഥ താൽപ്പര്യങ്ങളാൽ മാത്രം ആരംഭിക്കുന്ന വിവാഹബന്ധം ആണെന്നിരുന്നാലും ദൈവത്തിന്റെ മുമ്പാകെ യാഗപീഠത്തിന്മേൽ സമർപ്പിച്ച് ദൈവം ഒന്നാക്കിത്തീർക്കുന്ന അനുഭവത്തിൽ പുതുതായി ആരംഭിക്കുവാൻ ആ കുടുംബത്തിന് കഴിയുമോ എന്ന് ചിന്തിക്കണം. ദൈവം കൂട്ടിച്ചേർക്കുന്ന വ്യത്യാസം മനസ്സിലാക്കുവാൻ ദമ്പതികൾക്ക് കഴിയണം. ഈ ധാരണ ആജീവനാന്തം നിലനിർത്തി ദൈവകൃപ അനുഭവിക്കുന്ന വേദിയാണ് കുടുംബം. വിവാഹം ഒരു ആത്മീക സംവിധാനമായി കണ്ടാൽ എല്ലാ പ്രതിബന്ധങ്ങളേയും ദൈവത്തോടു കൂടെ തരണം ചെയ്യുന്നതിന് സാധിക്കും.

### a) കുടുംബം: ദൈവസ്വരൂപത്തിലുള്ള സൃഷ്ടി

വിവാഹം വിശുദ്ധമാണ്. ദൈവം വിശുദ്ധനായിരിക്കുന്നതുപോലെ കുടുംബജീവിതവും വിശുദ്ധമായിരിക്കണം. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ആണും പെണ്ണുമായിട്ടാണല്ലോ. അപ്പോൾ ഇരുവരും ദൈവസ്വരൂപത്തിന്റെ ഭാഗമാണ്. ഇരുവരും ചേർന്ന് ദൈവസ്വഭാവം പ്രസരിപ്പിക്കുകയും വേണം. ദൈവസ്വഭാവത്തിന്റെ വിശുദ്ധി, പരസ്പര ബന്ധത്തിലും ദൈനംദിനജീവിതത്തിലും പ്രകടമാകേണ്ടതാണ്. വേദപുസ്തകത്തിൽ ആദിയോടന്തം കുടുംബ ജീവിതത്തിലെ പരസ്പര വിശ്വസ്തത, ധാർമിക വിശുദ്ധി ഇവ ഊന്നി പറയുന്നുണ്ട്. ക്രിസ്തീയ കുടുംബ ജീവിതം ദൈവിക സ്വഭാവങ്ങളിൽ വളരണം.

### b) കുടുംബം: സ്നേഹത്തിന്റെ അടയാളം

കുടുംബജീവിതം വെറും ജഡത്തിന്റെ ചേർച്ചയല്ല; ആത്മികമായും മാനസികമായും ഉള്ള ഐക്യമാണ്. 'ഇരുവരും ഒരു ദേഹമായിത്തീരും' എന്നു പറയുമ്പോൾ ജഡിക ഐക്യത്തിലുപരി അതിന്റെ ആന്തരികവും



ആത്മികവുമായ വശവും കാണണം. ശാരീരികബന്ധം വെറും ജഡാഭിലാഷത്തിന്റെ ഫലമായല്ല, ആന്തരിക സ്നേഹത്തിന്റെയും പരസ്പര വിധേയത്വത്തിന്റെയും ഫലമായി ഉണ്ടാകേണ്ടതാണ്. അതിൽ അടിച്ചമർത്തലിനോ ചൂഷണത്തിനോ പീഡനത്തിനോ സംശയത്തിനോ സ്ഥാനമില്ല, മറിച്ച് അതു സ്വയം ത്യജിക്കുന്ന സ്നേഹത്തിലൂടെ പരസ്പരം പോഷിപ്പിക്കുന്ന ബന്ധമായിരിക്കണം.

### c)വേർപിരിക്കാൻ പാടില്ലാത്ത ബന്ധം

വിവാഹബന്ധം നിലനിർത്തുന്നതിന് മനുഷ്യരാൽ ആവുന്നതെല്ലാം ചെയ്യുവാൻ അവർ ബാധ്യസ്ഥരാണ്. ഇന്ന് നിസ്സാരകാര്യങ്ങൾക്കുപോലും അസ്വസ്ഥത സൃഷ്ടിച്ച് ബന്ധം വേർപെടുത്തുന്ന നിലയിലെത്തുന്നു. ഏതു വിധേനയും വിവാഹബന്ധം തകർക്കാതെ നിലനിർത്തുവാൻ ആയിരിക്കണം നമ്മുടെ ലക്ഷ്യം. അതിനാൽ കുടുംബത്തിന്റെ രൂപീകരണത്തിൽ മാത്രമല്ല അതിന്റെ പരിപാലനത്തിലും ദൈവത്തിന് പ്രഥമ സ്ഥാനം ഉണ്ടായിരിക്കണം. സ്വന്ത താൽപ്പര്യപ്രകാരമുള്ള വെറും ഉടമ്പടിയല്ല, വിവാഹം. ദൈവസ്വരൂപം അംഗീകരിക്കുന്നതിന്റെ അടയാളമായി ദൈവവും ദമ്പതികളും തമ്മിലുള്ള ഉടമ്പടിയാണ് അത്. അതിൽ നിന്നു മാറുവാൻ ഭാര്യയ്ക്കും ഭർത്താവിനും അനുവാദമില്ല.

## 2. കുടുംബം ദൈവിക ദൗത്യത്തിന്

സ്വന്തം ശാരീരിക, സാമ്പത്തിക, സാമൂഹ്യ ആവശ്യങ്ങൾക്കായി മാത്രം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവരുണ്ട്. എന്നാൽ എല്ലാറ്റിനുമുപരിയായി ദൈവിക ദൗത്യത്തിലെ പങ്കാളിയാകാനാണ് കുടുംബ ജീവിതത്തിലേയ്ക്ക് ദമ്പതികൾ പ്രവേശിക്കുന്നത്. മനുഷ്യനെപ്പറ്റി ദൈവത്തിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കുന്നതാണ് പാപം. ലക്ഷ്യം മനസ്സിലാകാതെയോ ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ചോ മനുഷ്യൻ ജീവിക്കുമ്പോൾ അവൻ പാപത്തിലാണ്. വിശുദ്ധ വിവാഹത്തിലൂടെ ദൈവം മനുഷ്യനെ കൂട്ടിച്ചേർക്കുമ്പോൾ പാപത്തിൽനിന്ന്, വിടുവിക്കപ്പെട്ടവരായി, രാജകീയപുരോഹിതവർഗ്ഗമായി കിരീടധാരണം ചെയ്താണ് ദൈവം അവരെ കുടുംബജീവിതത്തിലേക്കു പ്രവേശിപ്പിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ ലക്ഷ്യത്തിലേക്ക് കുടുംബം പങ്കുചേരുക എന്നത് അത്യന്താപേക്ഷിതമാണ്. താഴെ പറയുന്ന കാര്യങ്ങൾ ആ ലക്ഷ്യത്തിന്റെ ഭാഗമാണ്:

### a) ദൈവാനുഗ്രഹങ്ങളുടെ വാഹകരാകുക

അനുഗ്രഹങ്ങൾ സ്വകീയമാക്കുകയല്ല തലമുറകളിലേക്ക് പകരുകയാണ് വേണ്ടത്. ഇവിടെ ദൈവം അബ്രഹാമിനു കൊടുത്ത അനുഗ്രഹം പ്രസക്തമാണ്. 'നിന്നെ ഞാൻ അനുഗ്രഹിക്കും, നീ ഒരു അനുഗ്രഹമായിരിക്കും' (ഉല്പ. 12:2). തലമുറകൾക്കും സമൂഹത്തിനും സർവസൃഷ്ടിക്കും അനുഗ്രഹമാകുക എന്നതാണ് കുടുംബ സൃഷ്ടിയെക്കുറിച്ച് ദൈവ താൽപ്പര്യം. ഇത് താഴെപ്പറയുന്ന കാര്യങ്ങളിലൂടെ കൂടുതൽ വ്യക്തമാകും.

### b) ആരോഗ്യകരമായ തലമുറകളുടേയും സമൂഹത്തിന്റെയും സൃഷ്ടിപ്പിന്

പഴയകാലങ്ങളിൽ മക്കളുടെ എണ്ണം വർധിപ്പിക്കുന്നത് ദൈവാനുഗ്രഹത്തിന്റെ അടയാളമായി കരുതിയിരുന്നു. അതിന് സാമൂഹ്യമായ കാരണങ്ങളുണ്ടായിരുന്നു. ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് ദൈവതാൽപ്പര്യം. അനുഗൃഹീതമായ തലമുറകളെ സൃഷ്ടിക്കുന്നതിൽ മനുഷ്യനും ഉത്തരവാദിത്വം ഉണ്ട്. എണ്ണം പെരുകുക എന്നതിലുപരി ജീവിതമൂല്യം വർധിക്കുക എന്ന് മനസ്സിലാക്കണം. ശാരീരികവും മാനസികവും വൈകാരികവും ആത്മികവുമായി ആരോഗ്യമുള്ള തലമുറകളെ വാർത്തെടുക്കുക എന്നത് കുടുംബത്തിന് ലഭിക്കുന്ന ദൈവികാനുഗ്രഹമാണ്. കുടുംബം സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ്. അനുഗൃഹീത കുടുംബം ആരോഗ്യകരമായ സമൂഹത്തിന് ആവശ്യമാണ്. സർവ്വസൃഷ്ടിയോടുമുള്ള ബന്ധത്തിൽ മാനവസമൂഹം അനുഗ്രഹകരമായി തുടരുന്നതിന് മനുഷ്യർ ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കുകാരാകണം. മാതാപിതാക്കളും മക്കളും തമ്മിലും സഹോദരങ്ങൾ തമ്മിലും കുടുംബങ്ങൾ തമ്മിലും ഉള്ള ബന്ധങ്ങൾ ഇതിൽ ശ്രദ്ധിക്കേണ്ടതാണ്. സാഹോദര്യബന്ധമില്ലാതെ മത്സരത്തിലും ചൂഷണത്തിലും ജീവിക്കുന്നവരുണ്ട്. പക്ഷേ എത്ര നാൾ അത് നിലനിൽക്കും? മറിച്ച് പരസ്പര സഹകരണത്തിലും കരുതലിലും കുടുംബാംഗങ്ങൾക്കു ജീവിക്കാൻ കഴിയണം.

### c) സൃഷ്ടിയിലെ താളാത്മകത നിലനിർത്തുക

അടക്കുക, വാഴുക എന്നീ വാക്കുകൾ തെറ്റിദ്ധരിക്കപ്പെട്ട് ലോകത്തിന്റെ നാശത്തിന് കാരണമായിട്ടുണ്ട്. കൊള്ളയടിക്കുക, അധീശത്വം സ്ഥാപിക്കുക എന്നൊക്കെ ചിലർ ഈ വാക്കുകൾക്ക് അർത്ഥം കൽപ്പിച്ചിരിക്കുന്നു. എന്നാൽ ലോകത്തിലുള്ള തിന്മയുടെ ശക്തികളെ അമർച്ച ചെയ്യുകയും താളാത്മകമായ ക്രമത്തെ പരിപോഷിപ്പിക്കുകയും നന്മയുടെ മൂല്യങ്ങളെ വളർത്തുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ലോകത്തിൽ ഇന്നു കാണുന്ന തിന്മയുടെ ശക്തികളെ അറിഞ്ഞ് അവയെ അടക്കുവാനും നമ്മിലുള്ള തിന്മകളെ അടക്കുവാനും ദൈവീക ദൗത്യത്തിൽ പങ്കുചേരുവാനുമുള്ള ലക്ഷ്യത്തോടെ കുടുംബം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. രണ്ടാം അധ്യായത്തിലെ പറുദീസായുടെ അനുഭവം അത് വ്യക്തമാക്കുന്നു.

### d) പറുദീസയെ പരിപോഷിപ്പിക്കുക

ലോകത്തിൽ പറുദീസ നിലനിർത്തുക, നിന്റെ രാജ്യം വരേണമേ... എന്നുള്ള പ്രാർത്ഥനയിൽ സൃഷ്ടിപരമായിപങ്കുചേരുക, കുടുംബത്തിലും പറുദീസായുടെ അനുഭവം നിലനിർത്തുക എന്നാണ് അർത്ഥം. ദൈവം സൃഷ്ടിക്കുന്ന കുടുംബം തന്നെ ഈ ലോകത്തിൽ പറുദീസയാണ്. എന്നാൽ അത് നരകമാക്കാനും നമ്മുക്ക് കഴിയും നല്ല കുടുംബങ്ങൾ നല്ല സമുഹത്തെ വാർത്തെടുക്കുന്നു; നല്ല പൗരന്മാരെ സൃഷ്ടിക്കുന്നു. നല്ല പൗരന്മാർ നല്ല സമുഹത്തെയും ലോകത്തെയും നിലനിർത്തുന്നു. ദൈവിക ദൗത്യത്തിന്റെ ഭാഗമാകുമ്പോൾ അതിന് അർത്ഥവും മൂല്യവും ഉണ്ട്. ഇന്ന് സമൂഹത്തിന്റെ താളാത്മകമായനിലനില്പിൽ കുടുംബത്തിന്റെ സ്ഥാനം നാം ശ്രദ്ധിക്കുന്നുണ്ടോ? കുടുംബങ്ങളുടെ താളം തെറ്റിയാൽ സമൂഹത്തിന്റെ താളം തെറ്റും. കുടുംബങ്ങൾ ദൈവരാജ്യപൂർത്തികരണത്തിൽ പങ്കുചേരണം. അതിനുതക്ക മൂല്യങ്ങൾ ഭവനത്തിൽ വളരണം.

### e) കുടുംബം: ദൈവകല്പിതമായ പാരസ്പര്യം

കുടുംബത്തിൽ ഭാര്യഭർത്തൃബന്ധത്തിലായാലും മാതാപിതാക്കളും മക്കളും തമ്മിലും ഉള്ള ബന്ധങ്ങളായാലും പരസ്പരം അനുഗ്രഹകരമായ ബന്ധമാണ് ദൈവം ഉദ്ദേശിക്കുന്നത്.

#### പരസ്പരപൂരകം ആകുക

സ്ത്രീത്വവും പുരുഷത്വവും ഒരേ വ്യക്തിത്വത്തിന്റെ രണ്ട് വശങ്ങളായി കരുതാം. ഇത് ആധുനിക മനശാസ്ത്രവും അംഗീകരിക്കുന്നു. അതേ അസ്ഥി, അതേ മാംസം എന്നതിലൂടെ മനസ്സിലാക്കേണ്ടത് ഇതാണ്.(2:23). പുരുഷൻ സ്ത്രീയിലും സ്ത്രീ പുരുഷനിലും പൂർണ്ണത കണ്ടെത്തുന്നു. അല്ലാത്ത മനുഷ്യൻ അപൂർണ്ണനാണ്. അതുപോലെ തന്നെ ദൈവം സൃഷ്ടിയുടെ ദൗത്യം ഏൽപ്പിക്കുന്നതും ഇരുവരെയുമാണ്.

#### പരസ്പരം തുണയാകുക

രണ്ടാമധ്യായത്തിൽ മനുഷ്യന്റെ പരസ്പര പൂരക സ്വഭാവത്തിന് മറ്റൊരു വിശദീകരണം കാണുന്നു. ഏകനായിരിക്കുന്നത് നല്ലതല്ല. തുണ എന്ന വാക്ക് ദൈവം തന്നേ ഉപയോഗിക്കുന്നു. ഏകാന്തത ദൈവ താത്പര്യമല്ല; അത് മനുഷ്യന് ഗുണകരവുമല്ല. ദൈവത്തിന്റെ വിലയിരുത്തലിന് അതീതമല്ലല്ലോ മനുഷ്യന്റെ ചിന്ത. മനുഷ്യനു തന്നെ പങ്കാളിയുടെ ആവശ്യകത ഉണ്ട്. വിവാഹ ജീവിതത്തിലെ പങ്കാളിത്തം ഭാര്യാഭർത്താക്കന്മാർ തമ്മിൽ മാത്രമാണ്. അതിനു പുറമെയുള്ള ബന്ധം പാടില്ല. അതുപോലെ ദാസ-യജമാന ഭാവവും വിഭാവന ചെയ്തിട്ടില്ല.

#### പരസ്പരാശ്രയം

പരസ്പരബന്ധത്തിന്റെ പ്രത്യോകതയാണ് പരസ്പരാശ്രയം. 2:21-ൽ വാരിയെല്ലിൽ നിന്ന് എന്നത് (തലയിൽ നിന്നോ കാലിൽ നിന്നോ അല്ല പാർശ്വത്തിൽ നിന്നുതന്നെ) സമഭാവന, പരസ്പരാശ്രയം, പരസ്പരപൂരകം എന്നിവയെ സൂചിപ്പിക്കുന്നു. മൂന്നു തരത്തിലുള്ള ബന്ധങ്ങൾ നിലവിലുണ്ട്. ആശ്രിതഭാവം (dependent), സ്വതന്ത്രഭാവം (independent), പരസ്പരാശ്രയം, പൂരകം (interdependent). ആശ്രിതഭാവത്തിൽ ഒരാൾക്കു മാത്രമേ അസ്തിത്വമുള്ളു. ആശ്രയമായിരി

➡7 ...

അനുഭവം



വി. പി. ജേക്കബ്

# ഏറ്റവും വലിയ ഉദ്യോഗം: വിളിയും തീരുമാനവും



കുമ്പനാട്ടുനിന്ന് വടശ്ശേരിക്കരയ്ക്ക് ഒരു യോഗത്തിന് പോകുകയായിരുന്നു. അന്ന് കോഴഞ്ചേരി പാലം ഇല്ല. വള്ളത്തിലായിരുന്നു യാത്രക്കാരെ കടത്തിയിരുന്നത്. ഞാൻ ബസ്സിൽനിന്ന് ഇറങ്ങിയപ്പോഴേയ്ക്ക് വള്ളം പൊയ്ക്കഴിഞ്ഞു. റോഡരികിലുള്ള ഒരു ഹോട്ടലിന്റെ മുമ്പിൽ ഒന്നു രണ്ടു ബെഞ്ച് ഇട്ടിട്ടുണ്ടായിരുന്നു. വള്ളം തിരികെ വരുന്നതും കാത്ത് ഞാൻ ബെഞ്ചിൽ ഇരുന്നു. ചില നിമിഷങ്ങൾ കഴിഞ്ഞ് അയിരൂർക്കാരനായ ഒരാൾ എന്റെ അടുക്കൽ ഇരിപ്പുറപ്പിച്ചു.

സുവിശേഷവേലയ്ക്കായി ജീവിതം സമർപ്പിച്ചു അധികം കഴിയുന്നതിന് മുമ്പുണ്ടായ ഒരു സംഭവം എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്നു. കുമ്പനാട്ടുനിന്ന് വടശ്ശേരിക്കരയ്ക്ക് ഒരു യോഗത്തിന് പോകുകയായിരുന്നു. അന്ന് കോഴഞ്ചേരി പാലം ഇല്ല. വള്ളത്തിലായിരുന്നു യാത്രക്കാരെ കടത്തിയിരുന്നത്. ഞാൻ ബസ്സിൽനിന്ന് ഇറങ്ങിയപ്പോഴേയ്ക്ക് വള്ളം പൊയ്ക്കഴിഞ്ഞു. റോഡരികിലുള്ള ഒരു ഹോട്ടലിന്റെ മുമ്പിൽ ഒന്നു രണ്ടു ബെഞ്ച് ഇട്ടിട്ടുണ്ടായിരുന്നു. വള്ളം തിരികെ വരുന്നതും കാത്ത് ഞാൻ ബെഞ്ചിൽ ഇരുന്നു. ചില നിമിഷങ്ങൾ കഴിഞ്ഞ് അയിരൂർക്കാരനായ ഒരാൾ എന്റെ അടുക്കൽ ഇരിപ്പുറപ്പിച്ചു. അദ്ദേഹം എന്റെ വെള്ളവസ്ത്രവും ബാഗും കണ്ട് ഞാൻ ഒരു സുവിശേഷകനാണെന്ന് വേഗം മനസ്സിലാക്കി. “സുവിശേഷവേലയാ അല്ലേ?” എന്ന് എന്നോട് ചോദിച്ചു. “അതേ” ഞാൻ ഉത്തരം പറഞ്ഞു. “എന്തോ പഠിത്തം ഉണ്ട്?” അടുത്ത ചോദ്യം. “സാമാന്യം പഠിത്തം ഉണ്ട്” എന്ന് മറുപടി പറഞ്ഞു. “എന്തോ പഠിത്തം ഉണ്ട്?” എന്നായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ചോദ്യം. “സാമാന്യം പഠിത്തം ഉണ്ട്” എന്ന് ഞാൻ മറുപടി പറഞ്ഞു. “എങ്കിലും?” എന്ന് അദ്ദേഹം ആവർത്തിച്ചു ചോദിച്ചു. നിർബന്ധത്തിനു വഴങ്ങി, “ബി.എ.” എന്ന് പറയേണ്ടി വന്നു. “അയ്യോ! എന്നാൽ പിന്നെ വേറെ വല്ല നല്ല ജോലിയ്ക്കും പോകരുതാഞ്ഞോ?” എന്ന് അദ്ദേഹം ആക്രോശിച്ചു. അയിരൂർക്കാരന്റെ പരിഭ്രമം ഒന്നു കാണേണ്ടതുതന്നെയായിരുന്നു. “ആകട്ടെ, ലോകത്തിലെ ഏറ്റവും നല്ല ഉദ്യോഗം ഏതാ?” എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പിടിപെടും എന്ന് മനസ്സിലാക്കി അല്പം മൗനമായിരുന്നശേഷം, “അത് സുവിശേഷവേലയാ, സുവിശേഷവേലയാ” എന്ന് ഏറ്റുപറഞ്ഞു. അപ്പോഴേയ്ക്കും വള്ളം വന്നു. ഞങ്ങൾ യാത്ര പറഞ്ഞ് പിരിയുകയും ചെയ്തു.

നിർഭാഗ്യവശാൽ സുറിയാനിക്കാരുടെ ഇടയിൽ സുവിശേഷവേലയെപ്പറ്റി ഒരു അപകർഷതാബോധം കടന്നുകൂടീട്ടുണ്ട്. വിദ്യാഭ്യാസമില്ലാത്തവനും അണ്ടനും അടകോടനുമൊക്കെ പറ്റിയ ഒരു തൊഴിലായി സുവിശേഷവേലയെ കണക്കാക്കിയിരിക്കുന്നവർ എല്ലാക്കാലത്തും ഉണ്ട്. എന്നാൽ, നേരേ മറിച്ച് സുവിശേഷവേലയുടെ വലുപ്പവും മാന്യതയും മനസ്സിലാക്കിയവരും ഉണ്ട്. പ്രസംഗികളുടെ പ്രഭുവായ സി. എച്ച്. സ്പർജൻ ഇതിന് ഒരു മകുടോദാഹരണമാണ്. ഇംഗ്ലണ്ടിലെ വിക്ടോറിയാ മഹാറാണി സി. എച്ച്. സ്പർജനെ വളരെ ബഹുമാനിച്ചിരുന്നു. മാത്രമല്ല, മഹാറാണി സ്പർജന്റെ പ്രസംഗം കേൾക്കുവാൻ കൂടെക്കൂടെ പോകുമായിരുന്നു. അവർ രക്ഷിയ്ക്കപ്പെട്ട വനിതയായിരുന്നു. തന്റെ ഭരണകാലത്ത് കർത്താവായ യേശുക്രിസ്തു രാജാവായി വരുമെങ്കിൽ തന്റെ ശിരസ്സിനെ അലങ്കരിക്കുന്ന കിരീടം കർത്താവിന്റെ പാദത്തിൽ സമർപ്പിക്കുമെന്ന് പറയുമായിരുന്നു. സ്പർജനോടുള്ള ബഹുമാനാർത്ഥം അദ്ദേഹത്തിന്റെ മകൻ തോമസിനെ ഇംഗ്ലണ്ടിലെ മന്ത്രിയാക്കാമെന്ന് മഹാറാണി സമ്മതിച്ചു. “മഹാറാണീ, എന്റെ മകനെ രാജപദവിയിൽനിന്നും മന്ത്രിപദവിയിലേയ്ക്ക് തരംതാഴ്ത്തുവാൻ അവിടന്ന് ഉദ്ദേശിച്ചതിൽ ഞാൻ ഖേദിക്കുന്നു” എന്നായിരുന്നു സ്പർജന്റെ പ്രതികരണം. തോമസ് സ്പർജനും ഒരു നല്ല സുവിശേഷപ്രസംഗകൻ ആയിരുന്നു.

ഞാൻ രക്ഷിയ്ക്കപ്പെട്ട കാലം മുതൽ സുവിശേഷം പ്രസംഗിക്കുന്നതിനുള്ള താല്പര്യം എനിയ്ക്കുണ്ടായിരുന്നു. കോളേജിൽ പഠിക്കുമ്പോൾ തന്നെ, ഞാൻ ആറാമട സഭയുടെ ഒരു കൺവൻഷനിൽ പ്രസംഗിച്ചതായി ഓർക്കുന്നു. അന്ന് ഇംഗ്ലീഷിലാണ് പ്രസംഗിച്ചത്. എനിക്ക് ഇംഗ്ലീഷ് ഭാഷയോട് അന്നും ഇന്നും ഒരു പ്രത്യേക പ്രതിപത്തി ഉണ്ട്. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് എന്റെ സുവിശേഷപ്രവർത്തനങ്ങളുടെ അഭിവൃദ്ധിയ്ക്ക് മുഖാന്തരമായി ഭവിച്ചു. പഠനം കഴിഞ്ഞ് ഉദ്യോഗകാലത്തും വിവിധതരത്തിലുള്ള സുവിശേഷപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് കൃപയാൽ എനിക്ക് സാധിച്ചിട്ടുണ്ട്. ക്രമേണ, എന്നെക്കുറിച്ചുള്ള ദൈവത്തിന്റെ വിളിയും ഉദ്ദേശ്യവും മനസ്സിലാക്കുന്നതിന് സാധിച്ചു.

ദൈവം നൽകിയ വിദ്യാഭ്യാസം ദൈവമഹത്വത്തിനായി ഉപയോഗിക്കണം എന്ന ചിന്ത ഹൃദയത്തിൽ രൂഢമൂലമായി സ്ഥലം പിടിച്ചു. അതോടൊപ്പം, തുല്യപ്രധാനങ്ങളായ രണ്ടു പ്രശ്നങ്ങളുടെ നടുവിൽ ഞാൻ അകപ്പെട്ടു. കർത്താവ് ഏതവസരത്തിലും വരാം എന്നതായിരുന്നു ഒന്നാം പ്രശ്നം. അങ്ങനെ കർത്താവ് വന്നുകഴിഞ്ഞാൽ പിന്നെ എനിക്ക് കർത്താവിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള അവസരം ലഭിയ്ക്കുകയില്ല. മരണം ഏതവസരത്തിലും ഉണ്ടാകാം എന്നതായിരുന്നു രണ്ടാം പ്രശ്നം. അങ്ങനെ സംഭവിക്കുന്നെങ്കിൽ പിന്നെ എനിക്ക് കർത്താവിനുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള അവസരം ഒരിയ്ക്കലും ലഭിക്കുകയില്ല. “Between the devil and the deep blue sea” എന്ന് ഇംഗ്ലീഷിൽ ഒരു ശൈലി ഉണ്ട്. തുല്യപ്രധാനങ്ങളായ രണ്ടു പ്രശ്നങ്ങളുടെ നടുവിൽ അകപ്പെടുക എന്ന് അർത്ഥം. “ചെകുത്താനും നടുക്കടലിനും മധ്യേ” എന്നാണ് മലയാളം ശൈലി. കർത്താവ് എന്നോടു സംസാരിച്ചു. കർത്താവിന്റെ വേലയ്ക്കായി പോകാം. എന്നാൽ ആവശ്യങ്ങൾ എങ്ങനെ നടക്കും? “എങ്ങനെ?” എന്ന ചോദ്യത്തിന് പരിഹാരം ഉണ്ടായില്ല. ആ കാലത്ത്, വൈകുന്നേരം വീടിന് അല്പം അകലെയുള്ള ഒരു ഏകാന്ത സ്ഥലത്തു പോയി ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. “ഏകാന്തത ശക്തന്മാരുടെ മാതൃഭൂമി” എന്ന് ഒരു മഹാൻ പറഞ്ഞിരിക്കുന്നത് സത്യം തന്നെ. ആ ഏകാന്തതയിൽ ദൈവം എന്നോടും ഇടപെട്ടു. ഒരു ദിവസം വൈകുന്നേരം ഞാൻ ഫിലിപ്പ്യർക്കെഴുതിയ ലേഖനം വായിച്ചുകൊണ്ടിരുന്നു. 4:19-ാം വാക്യം വായിച്ചു. “എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടു ഒക്കെയും മഹത്വത്തോടെ

➡7 ...

## കെ.ഇ.എം. ഫണ്ട് ഓഫീസ് കെട്ടിട സ്തോത്രശുശ്രൂഷ ദൃശ്യങ്ങൾ



ദൈവമഹത്വത്തിനായി, ബ്രദർ എ.ഒ. തോമസ് തുറന്നു കൊടുക്കുന്നു.



പ്രയർ ഹാൻഡ് ബുക്ക് പ്രകാശനം ചെയ്യുന്നു.



കെ.ഇ.എം.ഫണ്ട് കെട്ടിടം സമർപ്പിച്ച് ബ്രദർ എം.എം. സഖറിയ പ്രാർത്ഥിക്കുന്നു.



ഏബ്രഹാം വർഗീസ്



രാജു കെ. തോമസ്




റോയി മാത്യൂസ്



ബ്രിഗേ: റ്റി. വർഗീസ്



പി.ഇ. സാംകുട്ടി



സി.എം. ജേക്കബ്



എ.ഒ. തോമസ്

# പരിശുദ്ധാത്മാവിന് നല്കിയിട്ടുള്ള നാമങ്ങൾ

ഈ കാലങ്ങളിൽ വലിയ രോഗശാന്തി വരമുണ്ടെന്നു പറഞ്ഞു അത്ഭുത രോഗശാന്തി എന്ന പേരിൽ യോഗങ്ങൾ നടത്തുന്നവർ പോലും മരുന്നുകൾ കഴിച്ചു ജീവിക്കുന്നു എന്ന് ഒരു മാസികയിൽ വായിച്ചു. കണ്ണട ഉപയോഗിക്കുന്നതിലും, വിദേശത്തു പോകുന്നതിനുള്ള പ്രതിരോധ കുത്തിവെപ്പു എടുക്കുന്നതിലും, ഔഷധങ്ങൾ ചേർത്തുണ്ടാക്കുന്ന ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതിലും അവർക്കു വിരോധമില്ല.



ജോർജ്ജ് പീറ്റർ

**1. സുബോധത്തിന്റെ ആത്മാവ് (2 തിമൊ. 1:7)**

ഒരു മനുഷ്യനു പരിശുദ്ധാത്മാവിനെ ലഭിക്കുമ്പോൾ അവന്റെ സുബോധം നഷ്ടപ്പെടുകയില്ല, പ്രത്യുത അവൻ സുബോധമുള്ളവനായി തീരുകയാണ്. സുബോധം നഷ്ടപ്പെട്ടു കല്ലറകളിൽ പാർത്തുവന്ന മനുഷ്യനിൽനിന്നും കർത്താവിന്റെ വാക്കിന്റെ മുമ്പിൽ അശുദ്ധാത്മാക്കൾ പുറപ്പെട്ടുപോകയും സുബോധം പൂണ്ടു വസ്ത്രം ധരിച്ചു യേശുവിന്റെ പാദത്തിൽ വന്നിരിക്കുകയും ചെയ്തു (മർക്കൊ. 5:1–20).

ദൈവമക്കളെ സകല സത്യത്തിലും വഴിനടത്തുന്നതും പരിശുദ്ധാത്മാവാണ്. “അഭിഷേകം നിങ്ങളിൽ വസിക്കുന്നു... അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും...” (1 യോഹ. 2:27). നമ്മെ ബുദ്ധി ഉപദേശിച്ചു നൽവഴിയിൽ നടത്തുന്നത് പരിശുദ്ധാത്മാവാം ദൈവമാണ്. ആകയാൽ ആത്മാവ് ലഭിക്കുമ്പോൾ സുബോധം നഷ്ടപ്പെടുകയല്ല, സുബോധമുള്ളവരായി തീരും.

**2. ജ്ഞാനത്തിന്റെ ആത്മാവ് (യെശ. 11:2)**

ആത്മാവിനെ ലഭിക്കുമ്പോൾ ആത്മീയ സത്യങ്ങളെ കുറിച്ചുള്ള അറിവു വർദ്ധിക്കുകയാണു ചെയ്യുന്നത്. കേവലം ഉപരിപ്ലവമായ ഒരു ജീവിതമല്ല, പിന്നെയോ പൗലോസിനെപ്പോലെ ശിശുവിനുള്ളതു ത്യജിച്ചു കളഞ്ഞ് ആത്മീയ സത്യങ്ങളുടെ ഉയർന്ന നിലവാരത്തിലേയ്ക്ക് അഥവാ ആത്മീയ പുരുഷത്വത്തിലേക്കുള്ള വളർച്ചയാണ് നമുക്കുണ്ടാകുന്നത്.

**3. വിവേകത്തിന്റെ ആത്മാവ് (യെശ. 11:2)**

“നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകണം എന്നും ക്രിസ്തുവിന്റെ നാളിലേയ്ക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരുമായിത്തീരണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു” (ഫിലി. 1:9–11). തെറ്റും ശരിയും മാത്രമല്ല, വ്യാജാത്മാക്കളേയും വിവേചിച്ചറിയുവാനുള്ള കഴിവു പരിശുദ്ധാത്മാവു വിശ്വാസികൾക്കു നൽകുന്നു.

പണ്ടുകാലങ്ങളിലും ഇക്കാലങ്ങളിലും കഴിയുമെങ്കിൽ വൃതന്മാരെപ്പോലും തെറ്റിക്കുവാൻ സാത്താൻ അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുമെന്നു കർത്താവു പറഞ്ഞിട്ടുണ്ട്. “നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും” (മത്താ. 7:22,23).

തെരുവിലെ മരുന്നുവില്പനക്കാരൻ കഷണ്ടി മാറ്റുന്നതിനുള്ള ഔഷധത്തിന്റെ ഗുണങ്ങൾ വർണ്ണിച്ചുകൊണ്ടു സരസമായി ചെയ്ത പ്രസംഗത്തിന്റെ കഥ ഇത്തരുണത്തിൽ ഓർത്തുപോകയാണ്. പ്രസംഗം കേട്ട് ആളുകൾ തടിച്ചുകൂടി. പലരും വിലകൊടുത്ത് ആ മരുന്നു വാങ്ങുകയും ചെയ്തു. അങ്ങനെ പ്രസംഗവും വില്പനയും നടന്നുകൊണ്ടിരിക്കവെ അദ്ദേഹത്തിന്റെ തലയിൽനിന്നും തൊപ്പി എങ്ങനെയോ തെറിച്ചു താഴെ വീണു. അപ്പോഴല്ലേ മരുന്നിന്റെ ഗുണം മനസ്സിലായത്. അദ്ദേഹത്തിന്റെ മൊട്ടത്തല സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നു... യാക്കോബ് എഴുതിയ ലേഖനത്തിന്റെ സാരം മനസ്സിലാക്കാതെ 5 -ാം അദ്ധ്യായം 14, 15 വാക്യങ്ങളുടെ മറവിൽ ടിൻ കണക്കിനു വെളിച്ചെണ്ണ വാങ്ങി കൊച്ചു കൊച്ചു കുപ്പികളിലാക്കി രോഗശാന്തി കിട്ടുമെന്നു പറഞ്ഞു പലരേയും തെറ്റിദ്ധരിപ്പിച്ചു പ്രാർത്ഥിച്ചു വിറ്റു കാശാക്കുന്ന സുവിശേഷജാലവിദ്യക്കാർ പെരുകിവരികയാണ്. ഈ കാലങ്ങളിൽ വലിയ രോഗശാന്തി വരമുണ്ടെന്നു പറഞ്ഞു അത്ഭുത രോഗശാന്തി എന്ന പേരിൽ യോഗങ്ങൾ നടത്തുന്നവർ പോലും മരുന്നുകൾ കഴിച്ചു ജീവിക്കുന്നു എന്ന് ഒരു മാസികയിൽ വായിച്ചു. കണ്ണട ഉപയോഗിക്കുന്നതിലും, വിദേശത്തു പോകുന്നതിനുള്ള പ്രതിരോധ കുത്തിവെപ്പു എടുക്കുന്നതിലും, ഔഷധങ്ങൾ ചേർത്തുണ്ടാക്കുന്ന ഭക്ഷണപാനീയങ്ങൾ കഴിക്കുന്നതിലും അവർക്കു വിരോധമില്ല.

ഇന്നത്തെ അത്ഭുത രോഗശാന്തി വരമുണ്ടെന്നു പറയുന്നവരുടെ പ്രസ്താവനകളും പ്രകടനങ്ങളും വ്യാജാത്മാവിന്റേതല്ലേ എന്നു ന്യായമായി സംശയിക്കേണ്ടിയിരിക്കുന്നു. രോഗശാന്തിയിൽ ഞാൻ വിശ്വസിക്കുന്നു. കർത്താവു നിശ്ചയമായിട്ടും പ്രാർത്ഥന കേൾക്കും, മറുപടി തരുമെന്നുള്ളതിനു ഞാൻ ഒരു അനുഭവസാക്ഷിയാണ്. എന്നാൽ രോഗസൗഖ്യം നൽകുന്നതും നൽകാതിരിക്കുന്നതും അവിടുത്തെ ഇഷ്ടമാണ്. ആരോഗ്യത്തോടുകൂടെയും രോഗത്തോടുകൂടെയും കർത്താവിനെ സേവിപ്പാനുള്ള ദൈവകൃപയാണാവശ്യം. എന്തായാലും കർത്താവു നൽകുന്നത് സന്തോഷത്തോടെ സ്വീകരിക്കുന്നതാണ് ഒരു ദൈവപൈതലിനുത്തമം.

**4. ആലോചനയുടെ ആത്മാവ് (യെശ. 11:2)**

“ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം (അഭിഷേകത്തിന് ആത്മാവെന്നും അർത്ഥമുണ്ട്) തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയാലും അതു ഭോഷ്കല്ല സത്യംതന്നെ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ” (M. K.) (1 യോഹ. 2:27). പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹ. 14:26). അതെ, ദിനംതോറും നമുക്ക് ആലോചന പറഞ്ഞുതന്നു നടത്തുന്നതും പരിശുദ്ധാത്മാവാം ദൈവമാണ്.

**5. പരിജ്ഞാനത്തിന്റെ ആത്മാവ് (യെശ. 11:2)**

കർത്താവായ യേശുക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിൽ നമ്മെ നാൾതോറും വളർത്തിക്കൊണ്ടുവരുന്നത് ദൈവാത്മാവാണ്. ക്രിസ്തുവിനെ കുറിച്ചുള്ള അറിവിലല്ല; തന്നെ പരിചയിച്ചുകൊണ്ടാണ് നാം വളരേണ്ടത്. ആ ജ്ഞാനമാണ് നമുക്കുണ്ടാകേണ്ടത്. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് “കർത്താവായ ക്രിസ്തുയേശുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു” (ഫിലി. 3:8) എന്നു പറഞ്ഞത്.

**6. കൃപയുടെ ആത്മാവ് (എബ്രാ. 10:29)**

നമ്മിൽ ദൈവകൃപ വ്യാപരിക്കുകയും കൃപയിലും സത്യത്തിലും നമ്മെ വഴിനടത്തുകയും ചെയ്യുന്നതു പരിശുദ്ധാത്മാവാണ്. നമ്മുടെ വാക്കുകൾ കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതുമായി തീരുവാൻ ആത്മാവു കൃപ ചെയ്യുന്നു (കൊലോ. 4:6).

**7. യഹോവാഭക്തിയുടെ ആത്മാവ് (യെശ. 11:2)**

“യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു” (സദൃ. 1:7). യഹോവാഭക്തിമൂലം ഉണ്ടാകുന്ന അനുഗ്രഹങ്ങളെക്കുറിച്ചു വേദപുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പഠിക്കുവാൻ കഴിയും. “യഹോവഭക്തി” യുടെ ആത്മാവാണ് ദൈവഭക്തിയിൽ നമ്മെ വളർത്തുന്നത്.

**8. ശക്തിയുടെയും ബലത്തിന്റെയും ആത്മാവ് (യെശ. 11:2)**

വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ ആത്മീയ ശക്തിയും ബലവും ആവശ്യമാണ് (അപ്പൊ. 1:8). ദൈവമക്കളിൽ ശക്തി പകരുന്നതും പുതുക്കുന്നതും പരിശുദ്ധാത്മാവാണ്.

**9. സ്നേഹത്തിന്റെ ആത്മാവ് (2 തിമൊ. 1:7)**

വിശ്വാസികളിൽ ദൈവം നൽകിയ ആത്മാവ് ബഹളത്തിന്റെയും, കലഹത്തിന്റെയും, അബോധാവസ്ഥയുടെയും, ആട്ടത്തിന്റെയും, ചാട്ടത്തിന്റെയും ആത്മാവല്ല. പിന്നെയോ പരിജ്ഞാനത്തിന്റെയും, സുബോധത്തിന്റെയും, വിവേകത്തിന്റെയും, സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും, ശാന്തതയുടെയും ആത്മാവാണ്.

1. ദൈവം സ്നേഹമാണ്. 1 യോഹ. 4:9,16.
2. ക്രിസ്തു സ്നേഹമാണ്. എഫെ. 5:2.
3. പരിശുദ്ധാത്മാവ് സ്നേഹമാണ്. 2 തിമൊ. 1:7.

ദൈവത്തിന്റെ സ്വഭാവമാണ് സ്നേഹം. “ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം...” എന്നൊക്കെ ഗലാത്യർ 5:22,23 വാക്യങ്ങളിൽ വായിക്കുന്നേല്ലേ?

ആകയാൽ ദൈവാത്മാവിന്റെ ദിവ്യസ്വഭാവം നമ്മിലും വിളങ്ങി ശോഭിക്കുവാൻ കൃപയുണ്ടാകട്ടെ!

യാത്രാവിവരണക്കുറിപ്പ്




# സുവിശേഷ ദാഹവുമായി ഭത്രി ആദിവാസികൾ

— വർഗീസ് തോമസ് —



കാറ്റിൽ തകർന്ന ധനുവ സഭാഹാൾ

ചത്തീസ്ഗഢിന്റെ മലമടക്കായ ബസ്ഥർ ജില്ലയിലും സമീപ പ്രദേശങ്ങളായ ഒഡീഷയുടെ അതിർത്തി പ്രദേശങ്ങളിലും വസിക്കുന്ന ആദിവാസി സമൂഹമാണ് ഭത്രി ഗോത്രവർഗ്ഗക്കാർ. തങ്ങളുടെ ഭാഷയിൽ ബൈബിളോ മറ്റു സുവിശേഷപ്രതികളെ ലഭ്യമല്ല. പരിമിതമായ സംസ്കാരവും ജീവിതരീതിയുമാണ് ഇവരുടേത്. ദൈവസ്നേഹം ഈ ഗോത്രവർഗ്ഗക്കാരിലും എത്തിക്കുവാൻ ദൈവത്തിന് പ്രസാദമായി.

കോട്ടയം ജില്ലയിൽനിന്നും കർത്താവിന്റെ ധീരപടയാളി ഇന്ന് കർതൃസന്നിധിയിൽ വിശ്രമിക്കുന്ന സഹോദരൻ മാത്യു ഏബ്രഹാമും കുടുംബവും 1968 ഒഡീഷയിലെ കോരാപുട്ടിലേക്കും അവിടെനിന്നും 1973ൽ ചത്തീസ്ഘഡിലെ ജഗദൽപൂരിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചു. ജഗദൽപൂരിലുള്ള ദൈവസഭയുടെ ശുശ്രൂഷയും സമീപഗ്രാമങ്ങളിലെ പ്രവർത്തനങ്ങളും ചെയ്യുവാൻ ദൈവം തന്റെ ദാസന് കൃപ നല്കി. പരിമിതമായ ജീവിതസാഹചര്യങ്ങളുടെ നടുവിൽ പ്രിയ സഹോദരി ചിന്നമ്മയുടെയും 3 കുഞ്ഞുങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനേക്കാൾ വിളിച്ച കർത്താവിന്റെ ശുശ്രൂഷ തികയ്ക്കുവാൻ താൻ ബദ്ധപ്പെട്ടു. 2009ൽ ബയൂലാതീരത്തേക്ക് വിശ്രമത്തിനായ് പ്രവേശിച്ചു.

ശുശ്രൂഷ ദൈവീകം എങ്കിൽ അത് നശിപ്പിക്കാൻ ശത്രുവിന് കഴിയില്ല. പിതാവിന്റെ കാൽചുവടുകളെ പിൻതുടർന്ന മക്കൾ ദൈവവിളിക്ക് ചെവികൊടുത്തു. മൂത്തമകൻ സാം മാത്യു കുടുംബമായി കർതൃശുശ്രൂഷക്കായി വേർതിരിഞ്ഞു. മൂംബൈ ജി.എൽ. എസിലെ ഉന്നതപദവി വിട്ട് മഹാരാഷ്ട്രയിൽ സാവന്ത്വാടി എന്ന സ്ഥലത്ത് ശുശ്രൂഷകൾ നിർവ്വഹിക്കുന്നു. ഇളയമകൻ ജിം മാത്യു മുംബൈയിലുണ്ടായിരുന്ന ജോലി ഉപേക്ഷിച്ച് സ്വദേശമായ ജഗദൽപൂരിലേക്ക് മടങ്ങി വന്ന് പിതാവ് തുടങ്ങിവച്ച ശുശ്രൂഷകൾ ഏറ്റെടുത്തു. മികച്ച ഗായകനും സുവിശേഷദാഹിയുമായ ജിമ്മിനെ ഉപയോഗിക്കുവാൻ ദൈവം പ്രസാദിച്ചു. ഭദ്രി ആദിവാസി ഭാഷ നന്നായി സംസാരിക്കുന്ന ജിമ്മിന് ആദിവാസിമേഖലയിൽ നല്ല സ്വാധീനവും അംഗീകാരവും ലഭിച്ചു.

2009ൽ ചൗക്ക്നാർ ആദിവാസി മേഖലയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഒരു സ്ഥലംസഭ ആരംഭിക്കുവാൻ ദൈവം പ്രസാദിച്ചു. അനേകർ വിശ്വസിച്ച സ്നാനമേറ്റു. ആ ഗ്രാമത്തിൽനിന്നും മുമ്പോട്ട് വന്ന ജയബന്ത് എന്ന യുവസഹോദരൻ സുവിശേഷപ്രവർത്തനങ്ങൾക്ക് ചുമതല വഹിക്കുന്നു.

ജഗദൽപൂരിൽനിന്നും 100 കിലോമീറ്റർ ദൂരമുള്ള ദാന്തേവാടി എന്ന ഗ്രാമത്തിലെ പ്രവർത്തനങ്ങളും വളരെ അനുഗ്രഹകരമായി തുടരുന്നു. അവിടെ അനേകർ വിശ്വസിച്ച് വേർതിരിഞ്ഞു. ഒരു സഭാകൂടിവരവ് അനുഗ്രഹകരമായി തുടരുന്നു. സഹോദരൻ കുമാർ അവിടുത്തെ പ്രവർത്തനങ്ങൽക്ക് സഹായകരമായിരിക്കുന്നു.

ദോദ്രാപാൽ ഗ്രാമത്തിലും പ്രവർത്തനങ്ങൾ നടക്കുന്നു. ഒരു സഭാകൂടിവരവ് അവിടെയും ഉണ്ട്. യുവസഹോദരൻ ദാനിയേൽ അവിടെനിന്നും വേർതിരിഞ്ഞു സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു.

കാദോംമാലി എന്ന ഗ്രാമത്തിലെ പ്രവർത്തനങ്ങളും നടന്നുവരുന്നു. ആദിവാസി കുടിലുകളിലാണ് യോഗങ്ങളും ആരാധനയും നടക്കുന്നത്. അനേകവിശ്വാസികൾ മുമ്പോട്ടുവന്നുകൊണ്ടിരിക്കുന്നു. സഭാഹോളിനായി സ്ഥലം വാങ്ങിയിട്ടുണ്ട്. അടിയന്തരമായി ഹാൾ പണിയേണ്ടിയിരിക്കുന്നു.

സമീപസംസ്ഥാനമായ ഒഡീഷയിലേക്കും ഭത്രി ഗോത്രവർഗ്ഗം വ്യാപിച്ചുകിടക്കുന്നു. ധനുവാ എന്ന ഒഡിഷ ഗ്രാമത്തിലും പ്രവർത്തനങ്ങൾ വളരെ സജീവമായി തുടരുന്നു. അനേകർ വിശ്വസിച്ച് സഭാകൂടിവരവിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അടുത്ത നാളിലുണ്ടായ കാറ്റിൽ സഭാഹാളിന്റെ മേൽകൂര പൂർണ്ണമായും പറന്നുപോയി. പുതിയ ഒരു ആരാധനാലയത്തിനായി ആഗ്രഹിച്ചു പ്രാർത്ഥിച്ചുവരുന്നു.

സഹോദരൻ ജിം മാത്യുവും കുടുംബവും വളരെ സജീവമായി ഈ ഗ്രാമപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് ചുമൽ കൊടുക്കുന്നു. മാതാവ് ചിന്നമ്മ, ഭാര്യ പ്രിസില്ല, മക്കൾ: ജോവാഷ്, ജമൈമ, ജോർദാൻ, ജിത്രോ. കൂട്ടുപ്രവർത്തകരായ കുമാർ, ജയവന്ത്, ദാനിയേൽ എന്നിവർ കുടുംബസ്ഥരും മറ്റ് ഫണ്ടുകളുടെ സഹായമില്ലാതെ പ്രവർത്തിക്കുന്നവരും ആണ്. ഭത്രി ഗോത്രത്തിലെ പ്രവർത്തനങ്ങൾ തുടർമാനമായി നടക്കുവാൻ ദൈവനജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും പ്രവർത്തകർക്ക് ആവശ്യമായ കൈത്താങ്ങലും അത്യന്താപേക്ഷിതമാണ്.

**ക്രിസ്തീയ ദർശനം ചീഫ് എഡിറ്റർ വർഗീസ് തോമസ് ജൂലൈ മാസത്തിൽ നടത്തിയ മിഷനറി യാത്രയിൽനിന്ന്**



ബ്രദർ ജിം മാത്യുവും കുടുംബാംഗങ്ങളും ബ്രദർ വർഗീസ് തോമസിനൊപ്പം



# OUR FALLEN SISTER...



Cyriac Joseph

God is the greatest environtmentalist. For His initial command to man was to keep and preserve the nature.The first book of the Bible picture the Creator as a person with aesthetic and imaginative capacities. We hear His satistying words "äh it's all so good".

God creates and he preserves what he has created. God has specifications from naming the created things to feeding every living thing. If Christians truly believe that God created this earth as Genesis proclaims it, then they are to prove their faith, in their response by preserving this earth and it's envioronment. The end book of the Bible warns the world this way, "the time has come for destroying those who destroy the Earth"(Rev 11:18b). Let not Christians be counted in that black list of those who defile,deface,pollute and perverte this God given globe called earth.

Througout the Bible the beauty of nature is explicitly explained. Bible has a very peculiar way in presenting God through His works of this nature and its diversity.The seasons and its uniqueness.The skies, the trees,the rivers,birds,animals,fields,wild flowers etc. etc. Yet modern day Christians join with the rest of the cosumerists of the world in polluting this beautiful world in their greed.

God has created everything for man according to his need, not for his greed.That's best proved in Jesus' life upon this earth. He negated greed and pursued simplicity and contentment. Even after a grand miracle of feasting five thousand, He asked the disciples to save the leftover. That's Christ's quality. Not to waste what Father has supplied. How about our feasts? (Once a reporter asked Mother Teresa ; "what is the one thing that you hate Mother"? "Waste", she replied).

Jesus loved to be in the outdoors than in the 'high rises' or 'castles' and citadels' of that time. Jesus enjoyed the vast openness and cool breeze of Lake Galilee.The banks of Tiberius. He enjoyed the lilley's of the Judean valley, the farming fields, the beautiful view of mount Tabor and the quietness of Mount Olive. Jesus featured the nature and enviorentment around Him in His unique sermons. Jesus thoroughly enjoyed it all for He Himself created it. And we haven't looked into this gorgeous side of Messiah's life with imagination.

We forget Christ's simple joys to the point of denying Him the possible basic human behaviorism of laughter, anger,cry,sadness and shyness (if shyness also was part of His humanity!) We miss Christ's human side by subtly scheming new hair splitting theologies. Christ's life close to this nature in all it's lovely simplicity and beauty is neglected in preaching and in practice. Christ for the Church is only a 'caretaker' of our systematic theology.

The poetic beauty of how God made the 'halo' of a lively environment around us has inspired authors of the Bible especially the psalmists. (Secular literature has drawn more on this side from the Bible than modern day Christian literature) After careful meditation of God's various works in both creating and preserving all creatures, great and small, the Psalmist of 104 concludes with a prayer that God's glory may endure, and a desire that sinners who spoil God's world shall be no more.(Ps104: 24-30; 31-35). The psalmist further observes the beauty and serenity of our nature through which we learn more of the Creator.

What should be the Christian response to the issues related to envioronment? I believe Christians should be practical witnesses of our Creator by our respectful preservation of our surroundings. Christians should take pain to avoid careless use of plastics. Christians should be examples for others in matters like littering,spitting in the open,burning or throwing stuff everywhere. Christians should preach by actions of planting trees,controlling water wasting etc. Christian magazines need to use paper wrapers instead of the plastic ones. It's a potential chance to witness verbally of the Lord the Creator,each time we avoid/reject a plastic carry bag while shopping.(I have many such experiences in the West and in India)

What is the Christian appraoach to environmental hazards that God's glory may always endure and that God may continue to rejoice in His works lest He should look upon the earth with judgement instead of favour.

Let's honour God by honouring our envioroment.Let Christians be in the forefront with simple acts to set an example in our homes, churches, everyday life, which will speak of the Maker of not only the heavens but also of the earth.

Let Christians silent actions in honouring the nature bring glory to the Creator. Nature is our fallen sister which is also eagerly waiting for its glorification for the glory of God.

---



# കാക്ക പഠിപ്പിച്ച പാഠങ്ങൾ

(ഭാവന)



പി. എ. ഏബ്രഹാം മാലം

അതിരാവിലെ അഞ്ചരമണിക്ക് എഴുന്നേറ്റു കുടുംബമായി പാട്ടും പ്രാർത്ഥനയും കഴിഞ്ഞ് മുറ്റത്തേക്ക് ഇറങ്ങിയപ്പോൾ ഒരു തള്ളക്കാക്കയും രണ്ടു കുഞ്ഞുങ്ങളും. മുറ്റത്തു കിടന്ന പഴേഞ്ചോറ് ആർത്തിയോടും സന്തോഷത്തോടും കൊത്തി തിന്നുകൊണ്ടിരുന്നു. തള്ളക്കാക്ക കുഞ്ഞുങ്ങളുടെ വായിലേക്ക് ചോറ് കൊത്തിയിട്ടുകൊടുക്കുന്നു. ആ കാക്കയുമായുള്ള അഭിമുഖ സംഭാഷണത്തിൽ നിന്ന്:

● ഈ കുഞ്ഞുങ്ങളെ ഇങ്ങനെ പ്രായപൂർത്തിയാകുന്നതുവരെ പോറ്റി പുലർത്തണമെന്ന് നിന്നെ പഠിപ്പിച്ചത് ആരാണ്?

കാക്ക : കൊള്ളാം നല്ല ചോദ്യം. ഞങ്ങളുടെ സൃഷ്ടാവാണ് ആ അറിവ് ഞങ്ങൾക്ക് തന്നത്. ഞങ്ങളേക്കാൾ വിശേഷബുദ്ധിയുണ്ടെന്ന് അഭിമാനിക്കുന്ന നിങ്ങളുടെ കുഞ്ഞുങ്ങളെ പട്ടിണിക്കിടുന്നില്ലേ? വിറ്റു കാശു വാങ്ങുന്നില്ലേ? കിട്ടുന്ന പൈസ കൊടുത്ത് മദ്യം സേവിച്ച് ഭാര്യയേയും മക്കളേയും ഉപദ്രവിച്ചു അവർ പലരും ആത്മഹത്യ ചെയ്യുന്നില്ലേ? വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവർ പോലും ഇതിൽ വീഴ്ച വരുത്തുന്നില്ലേ? കഷ്ടം, ഞങ്ങളെ നോക്കി പഠിക്കൂ.

● കുഞ്ഞുങ്ങൾക്കു നിങ്ങൾ എന്തെല്ലാം പരിശീലനമാണ് കൊടുക്കുന്നത്?

കാക്ക : ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് കേടു വരാതിരിക്കുവാൻ ഉയരമുള്ള വൃക്ഷങ്ങളിൽ സുരക്ഷിത സ്ഥാനത്താണ് കൂടുണ്ടാക്കുന്നത്. പെൺ കാക്ക മുട്ടയിട്ടു വിരിയിക്കുമ്പോൾ കുഞ്ഞുങ്ങളെ സൂക്ഷിക്കുന്നത് ആൺകാക്കയാണ്. തള്ളക്കാക്ക തീറ്റ കൊണ്ടുവന്ന് കുഞ്ഞുങ്ങൾക്ക് കൊടുക്കും. ഒരു കുഞ്ഞിനേയും പട്ടിണിക്കിടുകയില്ല. ചിറകു മുളച്ച് പറക്കാറാകുമ്പോൾ കൂടുപൊളിച്ച് കുഞ്ഞിനെ താഴേക്കിടും. നിലത്തു വീണ് കേട് വരാതിരിക്കാൻ പറന്ന് ചെന്ന് താങ്ങും. അങ്ങനെ കുഞ്ഞുങ്ങൾ പറന്ന് തീറ്റി തേടാൻ പഠിക്കും.

● അദ്ഭുതം തന്നെ. ഈ ഭൂമിയിൽ കോടാനുകോടി കാക്കകളുണ്ട്. മെലിഞ്ഞ ഒരു കാക്കയേയും ഞാൻ ഇതുവരെ കണ്ടിട്ടില്ല.

കാക്ക : നിങ്ങൾ ദൈവവചനം വായിക്കാറില്ലേ? ഗിരിപ്രഭാഷണത്തിൽ യേശു കർത്താവ് പറഞ്ഞത് മറന്നുപോയോ? എന്തു തിന്നും എന്തു കുടിക്കും എന്ന് വിചാരപ്പടരുത്. ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവയ്ക്കുന്നില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പോറ്റുന്നു. അവയേക്കാൾ നിങ്ങൾ വിശേഷതയുള്ളവരല്ലയോ? ഇയ്യോബിനോടു ദൈവം ചോദിച്ചത് ഓർക്കുന്നില്ലേ? **കാക്കക്കുഞ്ഞുങ്ങൾ ഇര കിട്ടാതെ ഉഴന്ന് ദൈവത്തോട് നിലവിളിക്കുമ്പോൾ അതിന് തീൻ എത്തിച്ചുകൊടുക്കുന്നതാർ?** ഇയ്യോബ് 38:41. നിങ്ങളുടെ ദൈവമായ കർത്താവ് തന്നെയാണ് ഞങ്ങൾക്ക് തരുന്നത്. നിങ്ങളേപ്പോലെ ഞങ്ങൾ ആകുലചിത്തരാകുന്നില്ല. നിങ്ങൾ സർവ്വശക്തനായ ദൈവത്തെ അവിശ്വസിക്കുന്നു.

● കാക്കേ നീ പറഞ്ഞതൊക്കെ സത്യമാണ്. ഒരു പ്രത്യേക കാര്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ദൈവത്തിന്റെ പ്രവാചകനായിരുന്ന ഏലിയാവിന് അപ്പവും ഇറച്ചിയും കൊടുത്തത് നിങ്ങളായിരുന്നുവല്ലോ? അതൊന്നു വിവരിക്കാമോ?

കാക്ക : അത് ഞങ്ങളുടെ വർഗ്ഗത്തിന് കിട്ടിയ വലിയ ബഹുമതിയാണ്. ഏലിയാവിന് അപ്പവും ഇറച്ചിയും എത്തിച്ചുകൊടുത്തത് എന്റെ ഒരു അകന്ന ബന്ധുവാണ്. ഒരു ദിവസം സന്ധ്യയ്ക്ക് അയാൾ ഉറക്കത്തിലായിരുന്നു. **ശൗൽ കാക്കേ, ശൗൽ കാക്കേ... ഉച്ചത്തിൽ ആ വിളി കേട്ട് അയാൾ ഞെട്ടിയുണർന്നു. കർത്താവേ കല്പ്പിച്ചാലും അടിയൻ ഇതാ എന്നു പറഞ്ഞു. കെരിത്ത് തോട്ടിന്നരികെ ഒളിച്ചു പാർക്കുന്ന എന്റെ ദാസനായ ഏലിയാവിന് രാവിലേയും വൈകിട്ടും ഞാൻ കല്പ്പിക്കുന്ന കാലത്തോളം അപ്പവും ഇറച്ചിയും കൊണ്ട് ചെന്ന് കൊടുക്കണം. മുടക്കം വരുത്തരുത്. അടിയൻ ചെയ്തുകൊള്ളാമേ..** ആ കാക്ക അങ്ങനെ തന്നെ ചെയ്തു.

● അപ്പവും ഇറച്ചിയും എവിടെ നിന്നു കിട്ടി? അതിൽ നിന്ന് ഒരു പങ്ക് എടുത്തോ? ഞങ്ങളുടെ കൂട്ടരാണെങ്കിൽ അങ്ങനെ ചെയ്യും!

കാക്ക : അതാണ് നിങ്ങളുടെ കൂട്ടർക്കു പറ്റുന്ന പരാജയം. ഏലിയാവിനെ ഇങ്ങനെ പോറ്റുന്ന ദൈവം പക്ഷേ ഏലിയാവിനുള്ളത് ഏലിയാവിനും എനിക്കുള്ളത് എനിക്കും. ആഹാരം വളരെ ദുർല്ലഭമായ സമയത്ത് ആഹാബിന്റെ കൊട്ടാരത്തിൽ ഈസെബേൽ കള്ള പ്രവാചകന്മാർക്കു വേണ്ടി കരുതിയ അപ്പവും ഇറച്ചിയുമാണ് ആ കാക്ക എടുത്ത് ഏലിയാലിന് കൊടുത്തത്. വലിയവനായ ദൈവം കല്പ്പിച്ചതുപോലെ ചെയ്തു. ഒരു അനുസരണക്കേടും കാണിച്ചില്ല. ഏലിയാവ് ഭക്ഷിച്ച് ശേഷിപ്പിച്ച കഷണങ്ങൾ ഉണ്ടായിരുന്നത് ആ കാക്ക തിന്ന് തൃപ്തനായി.

● വിശേഷബുദ്ധിയുണ്ടെന്ന് അഭിമാനിക്കുന്ന മനുഷ്യർക്കു വിശേഷബുദ്ധിയില്ലെന്ന് കരുതപ്പെടുന്ന നിങ്ങളിൽ നിന്നുപോലും പല പാഠങ്ങളും പഠിക്കുവാനുണ്ട്. നിന്നിൽ നിന്ന് കേട്ട കാര്യങ്ങൾ സ്വർഗ്ഗസ്ഥനായ പിതാവിൽ കൂടുതൽ ആശ്രയിപ്പാൻ എനിക്ക് പ്രേരണയായി. നന്ദി.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM

## 4... ഏറ്റവും വലിയ ഉദ്യോഗം...

തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും". ഞാൻ വായന നിർത്തി. "ഇത് ദൈവത്തിന്റെ വചനമാണോ? ആണെങ്കിൽ ഞാൻ ഇത് പൂർണ്ണമായി അംഗീകരിയ്ക്കണം. അല്ലെങ്കിൽ ഇത് തിരസ്ക്കരിക്കണം. മൂന്നാമത് ഒരു കാര്യമില്ല" എന്ന് എന്നോടുതന്നെ പറഞ്ഞു. "എന്റെ ദൈവം" എന്ന പൗലോസിന്റെ വാക്കുകൾ എന്നെ പിടിച്ചു കുലുക്കി. വൈദ്യുതിയെ അതിശയിക്കുന്ന ഒരു ശക്തി എന്നിൽ വ്യാപരിച്ചു. വലിയവനായ ദൈവം പൗലോസിന്റെ ആവശ്യങ്ങളെല്ലാം സമൃദ്ധിയായി നൽകി. പൗലോസ് സ്വന്തം അനുഭവത്തിൽനിന്ന് ആധികാരികമായി സംസാരിക്കുകയാണ്. പൗലോസ് സാക്ഷിയാണ്. ഈ ദൈവവചനമാകുന്ന വെൺമഴു എന്റെ ഹൃദയവേദിയിൽ വളർന്ന് പന്തലിച്ച് നിന്നിരുന്ന സംശയം എന്ന വൃക്ഷത്തെ ഒറ്റയടിയ്ക്ക് വെട്ടിവീഴ്ത്തി. ദൈവം ഏകാന്തതയിൽ യാക്കോബിനോട് ഇടപെട്ടതായി ഉല്പ. 28:13 ലും 32:23 ലും ഏലിയാവിനോട് ഇടപെട്ടതായി 1 രാജ. 19:9 ലും രേഖപ്പെടുത്തിയിരിക്കുന്നു. പത്മോസിന്റെ ഏകാന്തതയിൽ ദൈവം യോഹന്നാൻ അപ്പൊസ്തലനോട് ഇടപെട്ടതായി വെളിപാട് പുസ്തകത്തിൽ വായിക്കുന്നു. അന്ന് വൈകുന്നേരം ദൈവം എളിയവനായ എന്നോടും ഏതാന്തതയിൽ ഇടപെട്ടത് എനിക്ക് ഒരിക്കലും മറക്കാവതല്ല. സംശയത്തിന് സ്ഥിരമായ പരിഹാരം ഉണ്ടായി സംശയം എന്നേക്കുമായി വിശ്വാസത്തിന് വഴിമാറിക്കൊടുത്തു. എന്നെ അലട്ടിക്കൊണ്ടിരുന്ന എങ്ങനെ? എന്ന ചോദ്യത്തിന് മതിയായ ഉത്തരം ലഭിച്ചു. അന്ന് വൈകുന്നേരം ഞാൻ സമാധാനത്തോടെ വീട്ടിലേക്ക് പോയി.

പൂർണ്ണസമയം കർത്താവിന്റെ വേലയ്ക്കായി ഇറങ്ങിയാൽ ജീവിതാവശ്യങ്ങൾ എങ്ങനെ നടക്കും എന്ന ചിന്ത അനവധി വിശ്വാസികളെ ഭാരപ്പെടുത്തീട്ടുണ്ട്. ഇന്നും പ്രസ്തുത ചിന്താകുലം അനേകരെ ഭാരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ മിഷനറിയായി പ്രവർത്തിച്ച മി. ജെ. എം. ഡേവിസിന്റെ ഉദാഹരണം വായനക്കാർക്ക് പ്രയോജനകരമായിരിക്കും. അദ്ദേഹത്തിന് ഇന്ത്യയിലെ മിഷനറി പ്രവർത്തനത്തിനു പോകണം എന്ന ദൈവവിളി ഉണ്ടായി. അന്ന് തനിക്ക് 23 വയസ്സ് പ്രായം. മിഷനറിയായി ഇന്ത്യയിലേയ്ക്ക് പോയാൽ ജീവിതാവശ്യങ്ങൾ എങ്ങനെ നടക്കും എന്ന ചിന്താഭാരം തടസ്സമായി. അപ്പോൾ വേദപുസ്തകത്തിലെ ഒരു വാക്യം അദ്ദേഹത്തിന് ലഭിച്ചു. "ഉത്തരദിക്കിനെ അവൻ ശൂന്യത്തിൻമേൽ വിരിയ്ക്കുന്നു; ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്നു" (ഇയ്യോ. 26:7). എന്ത് മാത്രം ഭാരമുള്ള ഭൂമിയെ ദൈവം ഒന്നുമില്ലായ്കയിൽ തൂക്കിയിട്ടിരിയ്ക്കുകയാണ്. അങ്ങനെയെങ്കിൽ ഇരുപത്തിമൂന്നുകാരനായ ഈ കൊച്ചുമനുഷ്യന്റെ ഭാരം ദൈവത്തിനു ഭാരമല്ല എന്ന ബോദ്ധ്യം ഡേവിസ് സായിപ്പിന് ഉണ്ടായി. അദ്ദേഹം കർത്തൃവേലയ്ക്കായി ഇന്ത്യയിൽവന്ന് ദീർഘകാലം തൃശൂരിലും മറ്റുമായി പ്രവർത്തിച്ചു. അദ്ദേഹം മലയാളം പഠിച്ച് മലയാളത്തിൽ സരസമായി പ്രസംഗിക്കുമായിരുന്നു. കേരളത്തിലെ കൺവൻഷൻ യോഗങ്ങളിൽ അദ്ദേഹത്തിന്റെ മലയാളം കേൾക്കാൻ നന്നേ ജനം തടിച്ചുകൂടുമായിരുന്നു.

**കർത്താവ് തന്റെ ശുശ്രൂഷയ്ക്ക് നിങ്ങളെ വിളിച്ചു എന്ന ഉറച്ച ബോദ്ധ്യം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളുടെ ഭാരം മുഴുവനും വഹിക്കുവാൻ അവിടുന്ന് തികച്ചും പ്രാപ്തനാണ്. "അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം എന്ന് കല്പിച്ചിരിയ്ക്കുന്നു" (1 കൊരി. 9:14).** "പിതാവു എനിക്ക് തരുന്നതൊക്കെയും എന്റെ അടുക്കൽ വരും; എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളയില്ല" (യോഹ. 6:37). ലോകചരിത്രത്തിൽ ആരും തന്നെ ഇത്തരം ഒരു വാഗ്ദാനം ചെയ്തിട്ടില്ല. കർത്താവായ യേശുക്രിസ്തുവിനെ "Perfect Gentleman" എന്നാണ് ഡേവിഡ് ലിവിങ്സ്റ്റൺ വിളിച്ചിരിയ്ക്കുന്നത്. "സമ്പൂർണ്ണ ബഹുമാന്യൻ" എന്ന് മലയാളത്തിലേയ്ക്ക് തർജമ ചെയ്യാം. അങ്ങനെയുള്ള ഒരു വ്യക്തിയെ എന്തിന് സംശയിക്കണം? അകാരണമായി സംശയിക്കുന്നതും ഭാരപ്പെടുന്നതും നമ്മുടെ കുറവാണ്.

## 3... കുടുംബം: ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ടത്

ക്കുന്ന ആളെ ചാരിയാണ് ആശ്രിതയുടെ നിലപാട്. ഒരാളിൽ മാത്രം ആശ്രയിച്ചുള്ള കുടുംബത്തിന്റെ നിലനിൽപ് ഒരാൾ മറ്റെയാളിന്റെ കാരുണ്യത്തിൽ മാത്രം കഴിയുന്ന അവസ്ഥയാണ്. നമ്മുടെ സമൂഹത്തിൽ ഭാര്യയെ ആശ്രിത ഭാവത്തിൽ കാണുന്നവർ ധാരാളമുണ്ട്. അവിടെ അധീശത്വവുമ അടിമത്തവും കാണാം. കുടുംബസന്തോഷം പൂർണമോ, യാഥാർഥ്യമോ അല്ല. സ്വതന്ത്രഭാവം റെയിൽപാളംപോലെയാണ്. അത്യാവശ്യമുള്ള ഭാഗങ്ങളിൽ കൂടിച്ചേരും; അല്ലാത്തപ്പോൾ അവരവരുടെ ഇഷ്ടം! ഒരു പരസ്പര സമ്മതം - ആർക്കും എപ്പോൾ വേണമെങ്കിലും മാറിപ്പോകാം.

### നിർമലമായ ഐക്യം

ഭാര്യാഭർത്തൃബന്ധം വിശുദ്ധ ഐക്യത്തിന്റെ പ്രകടനമാണ്. കുടുംബജീവിതം ത്രിത്വഐക്യത്തിൽ അടിസ്ഥാനപ്പെട്ടതാകണം. അവർക്കിടയിൽ ലജ്ജയും ഉണ്ടായിരുന്നില്ല, (2:25). നിഷ്കളങ്കവും പൂർണവും ആത്മികവുമാണ് അവരുടെ ഐക്യം; രണ്ടും ഒന്നായിത്തീരുന്ന അനുഭവം. എന്നാൽ എപ്പോഴാണ് രണ്ടുപേരും അകലുന്നത്? പാപം അവരുടെ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ. അപ്പോൾ 'എന്റെ അസ്ഥിയിൽനിന്ന് അസ്ഥിയും മാംസത്തിൽനിന്ന് മാംസവും' എന്നു പറഞ്ഞ ആൾ 'നീ തന്ന സ്ത്രീ' എന്നു പറയുന്നു. അന്യരെന്ന ഭാവം ഉണ്ടാകുന്നു. ഭാര്യാഭർത്തൃബന്ധത്തിന്റെ സംഘർഷമാണ് ഇവിടെ ആരംഭിക്കുന്നത്. കുടുംബത്തിലെ പാരസ്പര്യം കുറയുമ്പോൾ ഒരാളിന് മറ്റെയാളിലുള്ള സ്നേഹസ്വാതന്ത്ര്യം അനാവശ്യമായ കൈകടുത്തൽ (interference) ആയിത്തോന്നാം. പരസ്പരാശ്രയമാണെങ്കിൽ ഒരാളല്ലാതെ മറ്റെയാളിന്റെ സന്തോഷമോ സ്വാതന്ത്ര്യമോ ജീവിതമോ പൂർണ്ണമല്ല. ഭവനം പണിയുന്നതും നിലനിർത്തുന്നതും പരിപോഷിപ്പിക്കുന്നതും പരസ്പര പൂരകമായ ബന്ധത്തിലാണ്. രണ്ടുപേരും കൂടിച്ചേർന്നുള്ള പൂരകമായ ജീവിതത്തിൽ ഒരാളിന്റെ തളർച്ചയും വളർച്ചയും മറ്റെയാളിനും കൂടെയാണ്. സന്താപവും സന്തോഷവും അതുപോലെതന്നെ.

### ദൈവിക ഉദ്ദേശ്യം നിലനിർത്തുന്നതിന്

ദൈവമാണ് ഈ കുടുംബത്തിന്റെ സൃഷ്ടികർത്താവ് എന്ന ധാരണ ഇരുവർക്കും ആവശ്യമാണ്. അവിടെ അടിമത്തമോ അധീശത്വമോ തൻകാര്യമോ ഇല്ല. ദൈവസ്നേഹത്തിലും പ്രേമത്തിലുമുള്ള കളങ്കമില്ലാത്ത കൂട്ടായ്മയാണ്, ആത്മബന്ധമാണ്. ഇത് പഴയ വീടുകളുടെ മേൽക്കൂരപോലെ ബലവത്താണ്. കഴുക്കോലുകൾ പരസ്പരാശ്രയത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നു. ദൈവം എന്ന ഉത്തരത്തിന്മേൽ ഉറപ്പിച്ചിരിക്കുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചത് അതിനു മാതൃകയാണ് (എഫേ. 5). എത്ര വലിയ കാറ്റിലും മഴയിലും ഈ മേൽക്കൂരക്കീഴിൽ കുഞ്ഞുങ്ങൾ സുരക്ഷിതമായി വളരുന്നു. അനുഗൃഹീതമായ ഭാവിതലമുറ രൂപപ്പെടുന്നു. ദൈവവചനത്തിൽ അടിസ്ഥാനമിടുന്നവൻ പാറമേൽ വീടു പണിയുന്നവനാണ്; ആ ഭവനം തകരുകയില്ല. ദൈവം കൂട്ടിച്ചേർക്കട്ടെ; അത് വേർപിരിയാതിരിക്കട്ടെ. ദൈവത്താൽ രൂപപ്പെടുത്തപ്പെട്ടത് ദൈവത്താൽ പരിപോഷിപ്പിക്കപ്പെടുന്നു. ●

### വൈവാഹികം

ബ്രദറൺ യുവതി 27/5.1" ബി.എസ്.സി നേഴ്സ്. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
ബന്ധപ്പെടുക
09429644939,09374411020

## എസ്.ബി.എസ്. പ്രെയർ വിജിൽ

**പുത്തൻകാവ്:** എസ്.ബി.എസ്. ജനറലിന്റെ ജൂൺ മാസത്തിലെ പ്രെയർ വിജിൽ 27 വെള്ളി 6 മണിക്ക് കോട്ടയം കൈതാത്തുശ്ശേരിൽ മേരി പോൾ തോമസിന്റെ ഭവനത്തിൽ വച്ച് നടന്നു. സുവിശേഷകൻ സന്തോഷ് തോമസ് ജാംന്താര വചനം ശുശ്രൂഷിച്ചു. അടുത്ത പ്രെയർ വിജിൽ ജൂലൈ 22 ചൊവ്വ 4 മണിക്ക് പുത്തൻകാവ് എസ്.ബി.എസ് ക്യാമ്പ് സെന്ററിൽ വച്ച് നടക്കും. ഇതൊരറിയിപ്പായി മാനിച്ച് എല്ലാ എസ്.ബി.എസ് പ്രവർത്തകരും പ്രാർത്ഥനാ സഹകാരികളും കൃത്യസമയത്ത് എത്തിച്ചേരണം എന്ന് അറിയിക്കുന്നു.

**സി.എം. ചാക്കോ (പ്രെയർ കോ-ഓർഡിനേറ്റർ)**

## 1... ദൈവഹൃദയം തൃപ്തിപ്പെടുമാറ്...

സി.എം. ജേക്കബ് എന്നവരും ദൈവികാലോചനകൾ പങ്കുവച്ചു. ബ്രദർ തോമസ് ചാണ്ടിയുടെ പ്രാർത്ഥനയോടെ ജൂലൈ 5 ശനി രാവിലെ 10ന് കുമ്പനാട് കെ.ഇ.എം. ഫണ്ട് ഓഫീസ് ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. ബ്രദർ വി.കെ. മാത്യു അദ്ധ്യക്ഷനായിരുന്നു. പി.ഇ. സാംകുട്ടി കെ.ഇ.എം. ഫണ്ടിന്റെ തുടക്കവും വളർച്ചയും വയലുകളിൽ ഫണ്ടിന്റെ പ്രയോജനവും അടങ്ങുന്ന സമഗ്ര റിപ്പോർട്ട് അവതരിപ്പിച്ചു. മധ്യതിരുവിതാംകൂറിൽ നിന്നും സഭകളുടെ പ്രതിനിധികളും മൂപ്പന്മാരും പങ്കെടുത്തു. തിരുവനന്തപുരം മുതൽ കാസർകോഡുവരെയുള്ള സ്ഥലങ്ങളിൽ നിന്ന് താൽപര്യപൂർവ്വം നിരവധി സുവിശേഷകന്മാരും സംബന്ധിച്ചു. കെ.ഇ.എം. ഫണ്ട് സഹായിക്കുന്ന സുവിശേഷകന്മാരുടെ അഡ്രസ്സും ടെലഫോൺ നമ്പരുമുള്ള പ്രയർ ഹാൻഡ് ബുക്ക് സമ്മേളനത്തിൽ പ്രകാശനം ചെയ്തു. ബ്രദർ കെ.എസ്. ജോൺ, ബ്രദർ മാത്യു എബ്രഹാമിന് ആദ്യപ്രതി നൽകി.

സ്തോത്ര ശുശ്രൂഷയിൽ സഹോദരന്മാരായ പി. പാപ്പി, കെ.എ. ജോർജ്ജ്, കെ.പി. ജോർജ്ജ്, ബാബു പി. ഹെൻറി, എബ്രഹാം തോമസ് എന്നിവർ സ്തോത്രാർപ്പണം നടത്തി. നിരവധി സഹോദരന്മാർ പുതിയ സംരഭത്തിന് ആശംസകൾ അർപ്പിച്ചു. സഹോദരന്മാരായ സി.വി. സാമുവേൽ, എബ്രഹാം തോമസ് കൊച്ചി, സി.പി. അനിയൻ, രാജു കെ. തോമസ്, എം.റ്റി. ജോർജ്ജ്, കെ.എ. ഫിലിപ്പ്, ഒ.റ്റി. ചെറിയാൻ, സാമുവേൽ തോമസ്, ജോർജ്ജ് പീറ്റർ, സി.റ്റി. ജോണിക്കുട്ടി, എസ്.ജി. ഗിൽബേർട്ട് എന്നിവർ ആശംസകൾ അർപ്പിച്ചലരിൽ ഉൾപ്പെടും. മത്തായി വർഗ്ഗീസ് കൃതജ്ഞത പ്രകാശിപ്പിച്ചു. എം.എം. സഖറിയ പ്രാർത്ഥിച്ചു.

കെ.ഇ.എം. ഫണ്ട് കമ്മറ്റി അംഗങ്ങളുടെ സ്വമേധയാ ദാനങ്ങളും ദൈവമക്കൾ നിർമ്മാണാവശ്യത്തിന് പ്രത്യേകം നൽകിയ സംഭാവനകളും ഉപയോഗിച്ചാണ് 30 ലക്ഷത്തിലധികം രൂപാ ചെലവിൽ ഈ മഹത്തായ സംരംഭം പ്രായോഗികമായത്. 71 വർഷം പഴക്കമുള്ള കെ.ഇ.എം. ഫണ്ട് സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം ആരംഭിച്ചത് ബ്രദറൺ സഭാ ചരിത്രത്തിലെ നാഴികക്കല്ലായി സഹോദരന്മാർ വിലയിരുത്തി. ഇങ്ങനെയൊരു ആശയത്തിന് കർത്താവിനാൽ ഉപയോഗിക്കപ്പെട്ട നിലവിലെ സെക്രട്ടറി ബ്രദർ പി.ഇ. സാംകുട്ടിയുടെ അദ്ധ്വാനങ്ങൾ വിസ്മരിക്കുവാൻ ആവില്ല. സ്റ്റ്യുവാർഡ് അസോസിയേഷൻ വക 3 സെന്റ് സ്ഥലത്താണ് ഓഫീസ് കെട്ടിടം പണിതിട്ടുള്ളത്. ഫണ്ടിനെയും തുടർപ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും. ●

## 1... പരിപാലനം ഒരു ദൈവീക സ്വഭാവം:

വിവധ സംസ്ഥാനങ്ങളിലും കാനഡയിലും ചിതറിപ്പാർക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരെ കുടുംബയോഗത്തിലേക്ക് കൂടിവരുത്തിയിരിക്കുന്നു. ഒരു വർഷത്തെ കാത്തിരിപ്പിനൊടുവിൽ ലഭിക്കുന്ന അസുലഭ നമിഷങ്ങളെ ആത്മിക നവീകരണത്തിനും ദൈവമഹത്വത്തിനും വേണ്ടി വേർതിരിക്കുകയാണ് ദൈവമക്കൾ.

മൂന്നര പതിറ്റാണ്ടിന്റെ അനുഭവ സമ്പത്തും ചിട്ടയായ ക്രമീകരണങ്ങളും ദൈവമഹത്വമെന്ന ലക്ഷ്യവും കൂടി ഒരുമിച്ചപ്പോൾ ഐ.ബി.എഫ്. കോൺഫറൻസ് വേറിട്ട അനുഭവമായി മാറി.

അതിഥികളായെത്തിയ സഹോദരന്മാർ തങ്ങളുടെ പ്രവർത്തനങ്ങളെ ദൈവജനത്തിനു മുന്നിൽ അവതരിപ്പിച്ചു. തിലക് പപ്പു, ജോർജ്ജ് മാത്യു, ഫിലിപ്പ് മാത്യു, ജി. ദേവസഹായം, എഡ്വിൻ പോൾ, ഫിലിപ്പ് കെ. ആൻഡ്രൂസ് തുടങ്ങിയവർ അതിൽ ചിലരാണ്. ബ്രദർ ഷാജി ജോർജ്ജ് നേതൃത്വം വഹിച്ചു.

പൈതൃക സമ്പത്തും ഭാഷയും സംസ്കാരങ്ങളും ലക്ഷ്യമിടുന്നില്ലെങ്കിലും മാതാപിതാക്കളുടെ വിശ്വാസ വീഥിയെ പിൻതുടരുന്ന ഒരു പറ്റം യുവാക്കളുടെ സാന്നിധ്യം കോൺഫറൻസിന്റെ സൗന്ദര്യമായിരുന്നു. ഗാനശുശ്രൂഷയിലും വർക്കുഷോപ്പുകളിലും ഇതര ശുശ്രൂഷകളിലും സാന്നിധ്യം കൊണ്ട് സജീവമായിരുന്നു യുവാക്കൾ. ഇനി ആര് എന്ന പൈതൃക മനസ്സുകളിലെ ചോദ്യങ്ങൾക്ക് മറുപടിയായിരുന്നു ക്യാമ്പിലെ യുവ സാന്നിധ്യം. ടെക്സാസ് സംസ്ഥാനത്തു നിന്നുള്ള യുവാക്കൾക്കായിരുന്നു മേൽക്കൈ.

ക്യാമ്പിലെ അതീവ ഹൃദ്യവും കൗതുകകരവുമായ മണിക്കൂറുകളായിരുന്നു വ്യാഴം, വെള്ളി ദിവസങ്ങളിലെ രാത്രികൾ. പൊതുപരിപാടികൾക്കൊടുവിൽ മലയാളഗാനങ്ങളുടെ ആലാപനത്തിനായി ഒരുമിച്ചു കൂടിയത് അവിസ്മരണീയമായി. രാവിന്റെ നിശബ്ദതയെ നീക്കി പകരം കേരളത്തിന്റെ ഒരു ഗ്രാമത്തെ പുനരാവിഷ്കരിച്ച പ്രതീതി. ഫിലിപ്പ് കെ. ആൻഡ്രൂസ്, ലിജോ ജോർജ്ജ് എന്നീ യുവഗായകർ തമ്പി തോമസിന്റെയും തോമസ് ചാക്കോയുടെയും നേതൃത്വത്തിൽ ഗാനവിരുന്ന് അനുഗ്രഹകരമാക്കി. ഏബ്രഹാം മാമ്മന്റെ അസാനിദ്ധ്യം ഹൃദയങ്ങളെ നൊമ്പരപ്പെടുത്തി. ആഷൽ ജെയ്മോൻ ഹ്യൂസ്റ്റൻ മനോഹരമായ ഒരു ക്ലാസിക്കൽ ഗാനം അവതരിപ്പിച്ചു.

കേരളത്തിന്റെ തനതു ഗ്രാമ വിഭവങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തുന്ന ലഘുഭക്ഷണവും ഈ പരിപാടിയെ കൂടുതൽ സന്തോഷഭരിതമാക്കുന്നു. ന്യൂയോർക്ക് സഹോദരിമാർ സംഘാടകരുടെ പ്രശംസയും നേടി.

ജൂലൈ 6ന് ആരംഭിച്ച ആരാധനാ കൂടിവരവ് അതീവ ഹൃദ്യമായിരുന്നു. ബ്രദർ അലക്സാണ്ടർ കുര്യൻ സമാപനസന്ദേശം നൽകി. സ്നേഹവിരുന്നോടെ സമാപനവും കുറിച്ചു. പങ്കെടുത്ത എല്ലാവർക്കും ആത്മിക സന്തോഷം ലഭ്യമായെങ്കിലും പരിഞ്ഞു പോകൽ ദുഃഖകരമായിരുന്നു. വീണ്ടും കാണാമെന്ന ശുഭവചനം എല്ലാവരുടെയും നാവിൽ നിന്നും അടർന്നു വീണു.

നിറയെ പച്ചപിടിച്ച പുൽത്തകിടിയും വ്യത്യസ്തവർണ്ണങ്ങളാൽ നിറയപ്പെട്ട സുന്ദരകുസുമങ്ങളുടെ ഉദ്യാനങ്ങളും വിസ്തൃതമായ നടപ്പാതകളും കളിക്കളങ്ങളും ജലധാരകളും സദാ സേവനസന്നദ്ധരായി നിൽക്കുന്ന ചുറുചുറുക്കുള്ള ചെറുപ്പക്കാരും വെസ്ലിയൻ യൂണിവേഴ്സിറ്റി ക്യാമ്പസിനെ മനോഹരമാക്കി. കർത്താവു വരുവാൻ വൈകിയാൽ അടുത്ത ജൂലൈ 1 മുതൽ 5 വരെ ബ്രദറൺ കുടുംബങ്ങൾ ഈ ക്യാമ്പസിൽ വീണ്ടും ഒത്തു ചേരും. കൂട്ടായ്മയുടെ ഊഷ്മളത പങ്കുവയ്ക്കാൻ ജീവിതം പുതുക്കിപ്പണിയാൻ. ●

**CHRISTHEEYA DARSANAM,**
KALLOTH RIVER VIEW,
VADASHERIKKARA P.O., PATHANAMTHITTA DIST.
KERALA-689 662 email: **darsanam@outlook.com**

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ഒറ്റ പ്രതി: ₹10
Reg. No. **KERBIL/2008/26466**
Licence No. **KLPTA/89/2014-2016**
**Published on 20th July 2014**
Posted on 22nd July 2014 at RMS Thiruvalla

# ദൈവസഭ ഒരു സമാധാനനഗരം: ഡോ. ഒ. എം. സാമുവേൽ



കാരിച്ചാൽ ബ്രദറൺ ചർച്ച് ആരാധനയ്ക്കായി ബ്രദർ പി.ഇ. സാംകുട്ടി തുറന്ന് കൊടുക്കുന്നു. വർഗീസ് മത്തായി, സാമുവേൽ റ്റി. ഫിലിപ്പ് എന്നിവർ സമീപം

**കാരിച്ചാൽ:** ദൈവസഭ സമാധാനം വസിക്കുന്ന ഇടമാണ്. സഭാംഗങ്ങൾ ദൈവീകസമാധാനത്തിന്റെ ഉടമകളുമാണ്. ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ സഭാതലത്തിൽ സൂക്ഷിക്കപ്പെടുകയും വേണം. ഡോ. ഒ. എം. സാമുവേൽ അനുസ്മരിപ്പിച്ചു. കാരിച്ചാൽ എബനേസർ ബ്രദറൺ ചർച്ചിന്റെ സ്തോത്രശുശ്രൂഷയിൽ മുഖ്യസന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

ജൂൺ 27 വെള്ളി രാവിലെ 10ന് ബ്രദർ പി. ഇ. സാംകുട്ടി സഭാഹാൾ സ്തോത്രം ചെയ്തു ദൈവമഹത്വത്തിനായി സമർപ്പിച്ചു. പൊതുയോഗത്തിൽ പ്രൊഫ. ജേക്കബ് തോമസ് അദ്ധ്യക്ഷനായിരുന്നു. സുവി. സാമുവേൽ റ്റി. ഫിലിപ്പ് കാരിച്ചാൽ പ്രവർത്തനങ്ങളും സഭാഹാൾ നിർമ്മാണവും സംബന്ധിച്ച വിശദാംശങ്ങളും സ്വാഗതവും അർപ്പിച്ചു.

കെ. ജെ. കോശി, ഒ. വി. ജോസഫ്,എം. എസ് ജോൺസൻ, സജീവ് ജോസഫ്, വി. പി. ജോർജ്ജ്, പി. എ. ഫിലിപ്പ് എന്നിവർ സ്തോത്രം ചെയ്തു. കാരിച്ചാലിൽനിന്നും വിശ്വാസമാർഗ്ഗത്തിൽവന്ന ബ്രദർ കെ. കെ. ദാനിയേലിന്റെ മകൻ ഡോ. സന്തോഷ് ദാനിയേൽ ലഘുസന്ദേശം നല്കി.

വർഗീസ് ചാക്കോ ഹ്യൂസ്റ്റൻ, കോശി തോമസ്, സി. റ്റി. ജോണിക്കുട്ടി, സാംകുട്ടി ഏബ്രഹാം ഹ്യൂസ്റ്റൻ, എം വി. ബാബു എന്നിവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു. കാരിച്ചാൽ തെരഞ്ഞെടുത്ത് സുവിശേഷപ്രവർത്തനം നടത്തുവാൻ ഉണ്ടായ പ്രത്യേകസാഹചര്യങ്ങളും വരവു ചെലവു കണക്കും കൃതജ്ഞതയും സുവി. വർഗീസ് മത്തായി പ്രസ്താവിച്ചു. പി. ഐ. പുന്നൂസിന്റെ പ്രാർത്ഥനയോടെ സ്തോത്ര സമ്മേളനം സമാപിച്ചു. നവീൻ, നിധീൻ സഹോദരന്മാരുടെ ഗാനശുശ്രൂഷ അനുഗ്രഹകരമായിരുന്നു. പി. സി. തങ്കച്ചൻ, കെ. കെ. ദാനിയേൽ, പി. കെ. ബാബു എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

## അടിയന്തര പ്രാർത്ഥനയ്ക്ക്

ബ്രദർ കോശി പി. തോമസ് വെല്ലൂർ സി.എം.സിയിൽ മേജർ സർജറിക്കു ശേഷം ചികിത്സയിൽ. പൂർണ്ണ വിടുതലിനായി ദൈവമക്കൾ പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

Email: koshythomas94
@gmail.com

## ജഗദൽപൂർ വി.ബി. എസിന് അനുഗ്രഹ സമാപനം

ജഗദർപൂർ ബ്രദറൺ അസംബ്ലി നടത്തിയ വി. ബി. എസിൽ 300 ൽ അധികം കുട്ടികൾ പങ്കെടുത്തു. നിരവധി കുഞ്ഞുങ്ങൾ രക്ഷകനെ കണ്ടെത്തി. ജൂൺ 10 മുതൽ 13 വരെ നടന്ന ശുശ്രൂഷകളിൽ വർഗീസ് തോമസ്, ഷിബു തോമസ് ദുർഗ്ഗ്, ജിം മാത്യു എന്നിവർ നേതൃത്വം നല്കി.

**പുതിയ വിലാസം**
Evg. P. D. Thomas
Pulloor(H) , Mukkada P. O.,
Karikkattoor, 686544,
Kottayam

## സുവിശേഷയോഗങ്ങൾ

**പുല്ലാട്:** പൂവത്തൂർ രഹബോത്ത് ബ്രദറൺ അസംബ്ലിയും പുല്ലാട് ബഥേൽ ബ്രദറൺ അസംബ്ലിയും സംയുക്തമായി വരയന്നൂർ പോസ്റ്റ് ഓഫീസിനു സമീപം സെപ്റ്റംബർ 12 മുതൽ 14 വരെ സുവിശേഷയോഗങ്ങൾ നടത്തുന്നു. സുവിശേഷകന്മാരായ പി. ജി. ജയിംസ്, എബി. കെ. ജോർജ്ജ് എന്നിവർ സന്ദേശം നല്കും. ബ്രദർ ജോസ്ലി ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഹെവൻലി ബീറ്റ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. **റ്റി. മാത്യൂസ്, പി. റ്റി. തോമസ്.**

## ദീനാമ്മ ഗീവറുഗീസ് കർതൃസവിധം ചേർന്നു

**പള്ളിപാട് :** ബ്രദറൺ സഭാംഗവും മടത്തിൽ ഐപ്പ് ഗീവർഗീസിന്റെ ഭാര്യയുമായ ദീനാമ്മ (90) താൻ ഏറെ പ്രിയം വച്ച കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. വാർദ്ധക്യ സഹജക്ഷീണത്തിൽ കഴിയുകയായിരുന്നു. പാണ്ടനാട് കൊച്ചുപുത്തൻപുരയ്ക്കൽ കുടുംബാഗമാണ്.

റിട്ട.ജില്ല രജിസ്ട്രാർ എം.ജി ജോർജ്കുട്ടി , എം.ജി തങ്കച്ചൻ, പെണ്ണമ്മ, അമ്മിണിക്കുട്ടി, ചിന്നമ്മ എന്നിവരാണ് മക്കൾ. പീറ്റർ സാമുവേൽ, ജോസഫ് എസ്തപ്പാൻ, ഏബ്രഹാം വർഗീസ്, റോസമ്മ, സൂസൻ എന്നിവരാണ് മരുമക്കൾ, ന്യൂയോർക്ക് ഇന്ത്യൻ ബ്രദറൺ അസംബ്ലിയിലും ന്യൂജേഴ്സി മേപ്പിൾവുഡ് ബൈബിൾ ചാപ്പലിലേയും സജീവ അംഗങ്ങളാണ് എം.ജി ജോർജ്കുട്ടി ഒഴികെയുള്ള മക്കൾ. അമ്മച്ചിക്ക് 10 കൊച്ചുമക്കളേയും അവർക്ക് 11 മക്കളേയും കർത്താവ് സമ്മാനിച്ചു. ജൂലൈ 20 ഞായർ 3 ന് നടന്ന സംസ്കാര ശുശ്രൂഷയിൽ നിരവധി കർത്തൃ ദാസന്മാരും വിശ്വാസികളും പ്രിയമാതാവിന് യാത്രാമൊഴി നൽകി. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് ആശ്വാസദൂത് നൽകി. വേർപാട് വിശ്വാസ സത്യങ്ങൾക്കുവേണ്ടി ഒടുവോളം ആത്മാർത്ഥമായി നിലകൊണ്ട ആദരണീയ വനിതയായിരുന്നു പ്രിയമാതാവ്.

## സ്നാനശുശ്രൂഷയും ഏകദിനസമ്മേളനവും

**കമ്പം (തമിഴ്നാട്):** സുവി. ഇസ്രയേൽ ആന്റണി പ്രവർത്തിച്ചുവരുന്ന കമ്പത്ത് പുതുതായി രക്ഷാനുഭവത്തിൽ വന്ന 4 പേരുടെ സ്നാനവും ജൂലൈ 12 ശനി രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ഏകദിനസമ്മേളനവും നടന്നു. വർഗീസ് ചാക്കോ ഹ്യൂസ്റ്റൻ, എം. വി. ബാബു എന്നിവർ വചനം പങ്കുവച്ചു. പി. എ. ഫിലിപ്പ് സ്നാനശുശ്രൂഷ നിർവ്വഹിച്ചു. പീറ്റർ സുന്ദർരാജ്, ഡേവിഡ്സൻ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു. ചുറ്റുപാടുമുള്ള സഭകളിൽനിന്നുള്ള സഹോദരീസഹോദരന്മാരും സമ്മേളനത്തിൽ പങ്കുകൊണ്ടു.

## വൈ. എം. ഇ. എഫ് റാന്നി സെന്റർ പ്രാർത്ഥനാസമ്മേളനം മുക്കൂട്ടുതറയിൽ

**ചേത്തയ്ക്കൽ:** റാന്നി സെന്റർ വൈ. എം. ഇ. എഫ് പ്രതിമാസ പ്രാർത്ഥനായോഗം മുക്കുട്ടുതറ ബ്രദറൺ ചർച്ചിൽ ആഗസ്റ്റ് 3 ഞായർ 4ന് നടക്കും. ബ്രദർ. ഷിബു ചേത്തയ്ക്കൽ സന്ദേശം നല്കും. ബ്രദർ കെ. വി. മാത്യു മണ്ണാരത്തറ അദ്ധ്യക്ഷത വഹിക്കും. വൈ. എം. ഇ. എഫ് റാന്നി സെന്റർ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. **ബിജു വർഗീസ്, ചേത്തയ്ക്കൽ**

## 97–ാമത് സൺഡേസ്കൂൾ വാർഷികം

**റാന്നി:** സീയോൻകുന്ന് ബ്രദറൺ അസംബ്ലിയുടെ 97–ാമത് സൺഡേസ്കൂൾ വാർഷികം വിവിധ പരിപാടികളോടെ നടന്നു. റാന്നിയിലെ ആദ്യകാല ബ്രദറൺ സൺഡേസ്കൂളുകളിൽ ഒന്നാണ്. ജൂലൈ 13 ഞായർ 2 മുതൽ 5:30 വരെ നടന്ന സമ്മേളനത്തിൽ ബ്രദർ ജോർജ്ജ് കോശി മുഖ്യാതിഥി ആയിരുന്നു. ജാർഖണ്ഡിലെ ടാറ്റാ നഗറിൽ പ്രവർത്തനകനായ പി. എം. സ്കറിയ, ബാംഗ്ലൂർ അക്സപ്റ്റ് ഡയറക്ടർ രാജു മാത്യു എന്നിവർ ഈ സൺഡേസ്കൂളിലൂടെ വചനത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ച് മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ്. പത്തു ക്ലാസ്സുകളിലായി 40 ഓളം വിദ്യാർത്ഥികൾ ഇപ്പോൾ പഠനം നടത്തുന്നു. ഈ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിച്ചാലും.



ഡാളസ് കരാൾട്ടൻ ബൈബിൾ ചാപ്പലിൽ നടന്ന വി.ബി.എസിൽ പങ്കെടുത്ത കുട്ടികൾ

## എസ്.ബി.എസ്.ഡിവിഷൻ ക്യാമ്പ് പുത്തൻകാവിൽ

● അഞ്ചുവർഷങ്ങൾക്കുശേഷം നടക്കുന്ന ഡിവിഷൻ സംഗമം

**ചേത്തയ്ക്കൽ:** എസ്. ബി. എസ്. സൗത്ത് ഡിവിഷൻ ക്യാമ്പ് പുത്തൻകാവ് ക്യാമ്പ് സെന്ററിൽ ഒക്ടോബർ 1 മുതൽ 4 വരെ നടക്കും. ഒക്ടോബർ 1ന് വൈകുന്നേരം ഏബ്രഹാം തോമസ് കൊച്ചി ക്യാമ്പ് ഉദ്ഘാടനം ചെയ്യും. സഹോദരന്മാരായ ജോർജ്ജ് കോശി, ദാനിയേൽ വർഗീസ്, സന്തോഷ് തോമസ്, കെ. വി. മാത്യു, ചാൾസ് ജോൺ, ബിജു കണ്ണൻ എന്നിവരാണ് പ്രധാന ശുശ്രൂഷകർ. വൈകുന്നേരങ്ങളിൽ കെ.വി. മാത്യു, ചാൾസ് ജോൺ, ഏബ്രഹാം തോമസ് പുല്ലാട് എന്നിവരുടെ ബാലസംഘാനുഭവങ്ങൾ ഓർമ്മക്കൂട്ട് എന്ന പരിപാടിയിലൂടെ ജോർജ്ജ് കോശി അവതരിപ്പിക്കും. സുവിശേഷം നിമിത്തം ജീവൻ അഗ്നിയിൽ ഹോമിക്കേണ്ടിവന്ന മിഷനറി ഗ്രഹാം സ്റ്റെയിൻസിന്റെ ജീവചരിത്രം പ്രദർശിപ്പിക്കും. തിരുവനന്തപുരം മുതൽ കോട്ടയംവരെയുള്ള 11 സെന്ററുകളിൽനിന്നായി 600 ഓളം ബാലസംഘാംഗങ്ങളെ പ്രതീക്ഷിക്കുന്നു. ഒ. റ്റി. ചെറിയാൻ, ബിജു വർഗീസ്, അലക്സ് മേൽപാടം, വർഗീസ് തോമസ്, കെ. എം. ജോൺസൻ, ബ്ലസ്സൻ തോമസ്, ചാൾസ് വർഗീസ് ഏബ്രഹാം സി. സാമുവേൽ എന്നിവരുടെ സഹകരണത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏബ്രഹാം തോമസ് പുല്ലാട് ക്യാമ്പ് കൺവീനറായും എലിസബേത്ത് തോമസ് ക്യാമ്പ് മദറായും പ്രവർത്തിക്കും. സമാപനസന്ദേശം ബ്രദർ ബിനു സാമുവേൽ നിർവ്വഹിക്കും.
**ബിജു വർഗീസ്, സെക്രട്ടറി.**

## ബി. ബി. ഐ. ഹ്രസ്വകാല ബൈബിൾ പഠനം മൂന്നാമത് ബാച്ച് ആരംഭിച്ചു



കഴിഞ്ഞ ബാച്ചിൽ പഠനം പൂർത്തിയാക്കിയവർ ചുമതലപ്പെട്ടവർക്കൊപ്പം.

**പത്തനംതിട്ട:** ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയിൽ പത്തനംതിട്ട സുവിശേഷാലയത്തിൽ സുവിശേഷകന്മാർക്കും ശുശ്രൂഷകന്മാർക്കും വചന താല്പര്യമുള്ള സഹോദരന്മാർക്കുമായി നടത്തി വരുന്ന ഹ്രസ്വകാല ബൈബിൾ പഠനത്തിന്റെ മൂന്നാമത് ബാച്ച് ജൂലൈ 7 ന് ആരംഭിച്ചു. ആഗസ്റ്റിൽ ആരംഭിക്കുന്ന നാലാമത് ബാച്ചിലേക്കുള്ള അഡ്മിഷൻ തുടങ്ങി. താല്പര്യമുള്ളവർ ബന്ധപ്പെടുക.

വേദപുസ്തക അടിസ്ഥാന ഉപദേശങ്ങൾ, പ്രായോഗീക നിർദ്ദേശങ്ങൾ, ഇവയ്ക്ക് പ്രാധാന്യം നല്കുന്ന പഠനങ്ങൾ. ബ്രദറൺ സമൂഹത്തിലെ പ്രഗത്ഭകരായ സഹോദരന്മാർ ക്ലാസ്സുകൾ എടുക്കും.



ജൂലൈ 10 വ്യാഴാഴ്ച സ്തോത്രശുശ്രൂഷ നിർവ്വഹിക്കപ്പെട്ട പെണ്ണുക്കര ഇമ്മാനുവേൽ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്.

PRINTED,PUBLISHED & OWNED BY RAJU K. THOMAS AND PRINTED AT COCHIN PRINTEC, ERNAKULAM KERALA . AND PUBLISHED FROM RAJU K. THOMAS, KALLOTH RIVER VIEW, VADASHERIKKARA P.O., PATHANAMTHITTA DIST. KERALA-689 662. EDITOR: VARGHESE THOMAS